
തില്യം
1920-2020
L.M.C.C.H.S.
ERNAKULAM




# അക്ഷരശോഭയുടെ മുത്തുമുത്തശ്ശിക്ക് ഇത് നൂറാം പിറന്നാൾ.

## *Lady of Mount Carmel Convent*
## High School Ernakulam
## L.M.C.C. HS
## 1921-2020

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| 1 | സാനിയ സെബാസ്റ്റ്യൻ |
| 2 | പ്രണവ് എം.ആർ |
| 3 | മെറീനാ ലൂസി |
| 4 | ആന്റണി റോൺ ഒലീവർ |
| 5 | അൽമീറ്റ മേരി |
| 6 | സർവേശ് റ്റി.എസ്. |
| 7 | ആൻഫിൻ പായവാ |
| 8 | ജീവൻ ഷൈജു |
| 9 | അഞ്ജലി അജീഷ് |
| 10 | ആൻ ലിയ പി.ജി. |

# സാങ്കേതിക സഹായം

| | |
|---|---|
| 1 | തോമസ് ആന്റണി |
| 2 | ലെവിൻ വിൽസൺ |
| 3 | ഡാനിയൽ ഫ്രാൻസിസ് |
| 4 | ഡാനിയൽ റ്റിജോ |

# ഫോട്ടോഗ്രാഫി

| | |
|---|---|
| 1 | ഷിൽജോ വിൽസൺ |
| 2 | പ്രണവ് എം.ആർ. |
| 3 | മൃദുൽ എം.എസ്. |
| 4 | അഡ്രിയാൻ ഡേവിഡ് |
| 5 | ദയാസ് റ്റെലസ് |

# കവർപേജ്

| | |
|---|---|
| 1 | അഭിഷേക് ബാബു |

# ആശംസ



-റവ.സി.മാർഗ്രറ്റ്
(പ്രധാനാധ്യപിക)

പൊതുവിജ്ഞാന സംരക്ഷണയജ്ഞം എന്ന വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 2017-2018 അദ്ധ്യായന കാലഘട്ടത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റസ് എന്ന സംരംഭം അനുദിനവും സംഭവിക്കുന്ന മാറ്റങ്ങളുടെ പുതിയ ലോകത്തിലേക്ക് വിദ്യാർത്ഥികളുടെ മനസ്സുകളെ ഉയർത്തുകയാണ്.

എൽ.എം.സി.സി. വിദ്യാലയം ഇന്ന് നൂറിന്റെ പൊൻതൂവൽ ചാർത്തി നിൽക്കുമ്പോൾ ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികളും അധ്യാപകരും ഒത്തൊരുമിച്ച് ഡിജിറ്റൽ സംവിധാനങ്ങളുടെ ഒരു കൈത്താങ്ങ് പകരുകയുണ്ടായി. അതിന് സാധ്യമായത്

വൈവിധ്യമായ പരിശീലന പ്രവർത്തനങ്ങളിലൂടെ 2018-2020 അധ്യയനവർഷത്തിലെ ലിറ്റിൽ കൈറ്റസ് വിദ്യാർത്ഥികൾ കൈവരിച്ച നേട്ടങ്ങൾ കൊണ്ടാണ്. കഴിഞ്ഞ അധ്യയന വർഷത്തിൽ സൃഷ്ടിച്ച മയിൽപീലി എന്ന ഇ-മാഗസിൻ വളരെ മേന്മയേറിയ ഒന്നായിരുന്നു. അതിന്റെ മികവുകൾക്കൊപ്പം ഈ വർഷം ശതാബ്ദി നിറവിൽ സൃഷ്ടിച്ചിരിക്കുന്ന തില്യം അർത്ഥങ്ങൾകൊണ്ട് തന്നെ മികവുറ്റതാണ്. തില്യം എന്നാൽ വിളയുന്നിടം. നല്ല ഫലം പുറപ്പെടുവിക്കുന്ന കലാലയത്തിൽ നിന്ന് നല്ല കലാസൃഷ്ടികൾ പുറത്തുവരുമ്പോൾ നാം ഒന്നാകെ അഭിമാനിക്കേണ്ടതുണ്ട്. കാലത്തിന്റെ മാറ്റങ്ങളെ യുവതലമുറ ഏറ്റെടുക്കുന്നതിൽ വിജ്ഞാനതന്തുകത്തിലേക്ക് നമുക്കും പങ്കാളികളാകുവാൻ സാധിക്കുന്നതിന് ഭാവുകങ്ങളോടെ ദൈവാനാഗ്രഹങ്ങൾ ആശംസിക്കുകയും , പ്രവർത്തനങ്ങൾക്ക് നന്മകൾ നേരുകയും ചെയ്യുന്നു...

# എഡിറ്റോറിയൽ

പ്രകൃതി മനോഹരിയാണ്...പ്രഭാമയിയാണ്. പ്രകൃതിയുടെ ഭാവവ്യത്യാസങ്ങൾ ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും സ്വാധീനിക്കുന്നു. കാർഷിക സംസ്കാരത്തിൽ അധിഷ്ഠിതമായ ഒരു ജീവിതക്രമമായിരുന്നു നമ്മുടേത്. അതുകൊണ്ടുതന്നെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഉൽസവങ്ങൾ, ആഘോഷങ്ങൾ എന്നിങ്ങനെ ഒരു വ്യക്തിയുടെ ജീവിതത്തെ ബാധിക്കുന്ന എല്ലാ ഘടകങ്ങളിലും പ്രകൃതിയുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനം കാണാം.

അതിനാൽ നമ്മുടെ വിദ്യാലയത്തിന്റെ ശതാബ്ദിയുടെ നിറവിൽ വിദ്യാർത്ഥികളായ നമ്മുക്കോരോരുത്തർക്കും പ്രകൃതിയോടും സഹജീവികളോടും സ്നേഹവും കരുണയും ഉള്ളവരാകാം. വായനയുടെ ലോകത്തുനിന്ന് ലഭിക്കുന്ന അറിവിൻെറ മുത്തുകൾ ലോകത്തിലേക്ക് അക്ഷരവെളിച്ചമായി,സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി കവിതകളും, കഥയും, ലേഖനങ്ങളും, ചിത്രങ്ങളുമൊക്കെയായി നമ്മുക്ക് നൽകാം.ഭാവനയുടെ നിറങ്ങൾ നിറഞ്ഞ മനോഹരമായ പട്ടങ്ങൾ വാനിലേക്കുയർത്തി പറത്തുന്ന കുട്ടികൾ നന്മയുടെ, സന്തോഷത്തിൻെറ ഒരായിരം ചിന്തകൾ ഇതൾ വിരിയിക്കട്ടെ...

എന്ന്

ആശംസകളോടെ,

സാനിയ സെബാസ്റ്റ്യൻ

എഡിറ്റർ



# ആശംസ

ആധുനിക ലോകത്തിൻെറ അവിഭാജ്യഘടകമായി മാറി നിൽക്കുന്ന ഇൻറനെറ്റ് സൗകര്യം നമുക്ക് നൽകുന്നത് ആശയനിനിമയത്തിൻെറ അനന്തസാധ്യതകളാണ് കല്ലുകളിൽ കൊത്തിവച്ച് നമ്മുടെ പൂർവ്വികർ തുടങ്ങിയ എഴുത്ത് പനയോലകളും കടലാസുകളും പിന്നിട്ട് ഡിജിറ്റൽ അക്ഷരങ്ങളിലാണ് ഇന്ന് എത്തിനിൽക്കുന്നത്.

പുതുമുഖങ്ങളായ എഴുത്തുക്കാരുടെ ആശയവിനിമയത്തിന്റെ അനന്തസാധ്യതകളിലേക്ക് നമ്മുക്ക് മുന്നിൽ തുറന്നിടുന്നത് സ്വാതന്ത്ര്യത്തിൻെറ പുതിയലോകമാണ് .ഡിജിറ്റിൽ രംഗത്ത് ശോഭിക്കാൻ ഇവിടുത്തെ ലിറ്റിൽ കൈറ്റസ്  വിദ്യാർത്ഥികൾക്ക് സാധിക്കട്ടെ. എഴുതിത്തെളിയാനും അറിവ് പങ്കുവയ്ക്കാനുമുള്ള സ്വപ്നസാക്ഷാത്ക്കാരമായി മാറട്ടെ...

ഹൃദയംനിറഞ്ഞ ആശംസകൾ...

-ഗ്ലേസ്സി മാത്യു
ലിറ്റിൽ കൈറ്റ്സ്
മിസ്ട്രസ്സ്



# DEAR READERS,

**LMCC High School at the peak of it's Centenary celebration** ***our 'LITTLE KITES' have put across some amazing pieces displaying their creative thinking and IT skills. The works included in this digital magazine are extremely simple but will surely provide an opportunity to peep into a child's thought process and his or her creative thinking.***

***Finally from the entire team of 'LITTLE KITES' I wish all the readers a happy reading.***



*-SMITHA DAVID*
*SITC*

## Alphabetical Index

THE ROLE OF YOUTH IN A VALUE ORIENTED SOCIETY......24
YOUR ROLE MODEL IN LIFE......31
മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ യുവജനങ്ങളുടെ പങ്ക്......12
--വിമർശനത്തിന്റെ സുഖം......63
अपने प्रभु की सेवा में (कविता)......67
आया येसु राजा (कविता)......68
അക്ഷര ശോഭയുടെ 100 വർഷങ്ങൾ......42
അടിയറ വയ്ക്കുന്ന വ്യക്തിത്വം......60p.
അദൃശ്യ മനുഷ്യന്......20
അധ്യാപക കദനം -തുള്ളൽ......54
അപ്പുകുട്ടനും ചങ്ങാതിയും......29
അമ്മയ്ക്കായി ......41
എന്നിലൂടെ നിമ്മി തോമസ്......66
എന്റെ മാതൃവിദ്യാലയം കവിത......69
ഏറ്റവും വലിയ സമ്മാനം......17
കുസൃതിക്കാരൻ......34
കേരളമാണെന്റെ നാട് (കവിത രചന)......15
ചിന്താവിഷയം......57
ജംബോലാമന്റെ പായസം......59
ജീവിതത്തിന്റെ വ്യത്യസ്തത......65
തന്നിടുമോ കരിവണ്ടേ (കവിത)......64
ദാക്ഷായണി മാറ്റിയെഴുതിയ ചരിത്രം ......62
നമ്മുടെ നാട്......33
നിങ്ങളുടെ ജീവിതത്തിൽ മാതൃകയായ ഒരു വ്യക്തിത്വം......22
പല വർണക്കാർ......19
പിന്നിട്ട വഴികളിലൂടെ......50
പ്രകൃതിയാം സൗന്ദര്യം......21
മലയാളമാണെന്റെ മാതൃഭാഷ......38
മലയാളിയുടെ മാറുന്ന ഭക്ഷണശീലങ്ങൾ......25
യാത്രാമൊഴി......52
ലോക വയോജന ദിനം......27

വാഴ്ക ദിവ്യചേതസ്സായ്.......71
ശതാബ്ദി ആന്തം.......73
ശരിക്കുമുള്ള അൻഡ്രോയ്ഡ് കുഞ്ഞപ്പനെ.......16
സംഗീതം.......36

# മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ യുവജനങ്ങളുടെ പങ്ക്

നാളത്തെ സമൂഹത്തിന്റെ ഭാവി യുവജനങ്ങളിലാണ്. അതുകൊണ്ടുതന്നെ ഇനിയുള്ള സമൂഹം യുവജനങ്ങളുടെ കൈകളിലാണ്. മൂല്യങ്ങളെ അറിഞ്ഞു ജീവിക്കുക എന്നുള്ളത് അതിലെ ഒരു പ്രധാന ഘടകമാണ്. സമൂഹത്തിൽ നടക്കുന്ന അനീതികൾക്കെതിരെ ശബ്ദമുയർത്താനുള്ള ചങ്കുറപ്പുള്ളവരായിരിക്കണം നാളത്തെ സമൂഹം എന്നുണ്ടെങ്കിൽ അതിന് നേതൃത്ത്വം കൊടുക്കേണ്ടത് യുവജനങ്ങളായിരിക്കണം. പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടിയും യുവജനങ്ങൾക്ക് പ്രവർത്തിക്കാം. ഇന്ന് ഈ ലോകത്ത് അതിനുള്ള എല്ലാ അവസരങ്ങളും ഉണ്ട്.

ഇതുപോലുള്ള പ്രവർത്തികളുടെ വിജയത്തിനായി നമുക്ക് ഇന്റർനെറ്റ് പോലെയുള്ള സോഷ്യൽ മീഡിയകൾ ഉപയോഗിക്കാവുന്നതാണ്. ഇതെല്ലാം വഴി ഒത്തിരി നല്ലകാര്യങ്ങൾ ചെയ്യാനും പുതിയ ഭാവനകൾക്ക് രൂപം കൊടുക്കാനും നമുക്ക് സാധിക്കും. ഇന്ന് സമൂഹത്തിൽ പെൺകുട്ടികൾക്ക് നേരെ നടക്കുന്ന അനീതിക്കെതിരെയും പൊരുതാൻ ഇവരെ കൊണ്ട് സാധിച്ചാൽ, ഒരു മാറ്റം വരുത്താൻ കഴിഞ്ഞാൽ , അത് നാളത്തെ സമൂഹത്തിന് ഒരു വലിയ മുതൽകൂട്ടായിരിക്കും. ഭാവിയിലെങ്കിലും ഭരണത്തിനുവേണ്ടിയുള്ള മത്സരം നിർത്തി ഒത്തൊരുമയോടെ ജീവിക്കാൻ ഉതകുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാൻ സാധിച്ചാൽ ഈ രാജ്യത്തിന്റെ പ്രശ്നങ്ങളെ ഒത്തൊരുമയോടെ പോരാടി ജയിക്കാൻ നമുക്കു സാധിക്കും.

എന്നാൽ ഭാവിയുടെ വാഗ്ദാനം യുവജനങ്ങളിലായിരിക്കുമ്പോൾ , മൂല്യബോധത്തോടെയുള്ള അവരുടെ വളർച്ച നമുക്കു സുപ്രധാനമാണ്. ഇന്നീ ലോകത്ത് നല്ലതു കണ്ടെത്താനും തെറ്റുകൾ കണ്ടെത്താനുമെല്ലാം തുല്യമായ അവസരങ്ങളാണ് ഉള്ളത്. അതുകൊണ്ടുതന്നെ അവർ ചരിക്കേണ്ട വഴി കണ്ടെത്തുക എന്നത് അവരെ പോലേ തന്നെ നമുക്കും പ്രധാനമാണ്. അവർ ചരിക്കുന്ന പാത തെറ്റുകളേറിയതാണെങ്കിൽ **ഭാവി വാഗ്ദാനമെന്ന്** വിശേഷിപ്പിച്ച യുവജനങ്ങൾ തന്നെ **ഭാവിയുടെ നാശമായി** പതിക്കുമെന്നുള്ളത് തീർച്ചയാണ്.

ഇന്നത്തെ തലമുറ സോഷ്യൽ മീഡിയയിലെ തിന്മക്കുരുക്കുകളിലും, മയക്കുമരുന്നു പോലെയുള്ള ലഹരി പദാർത്ഥങ്ങളിലും ലയിച്ചു കിടക്കുകയാണ്. അവരെ കരകയറ്റുവാൻ നാം ഒരുമിച്ചു കൈകോർത്ത് നിൽക്കേണ്ടതായുണ്ട. അല്ലെങ്കിൽ ഇനിയുള്ള സമൂഹത്തിന്റെ നാശമായിരിക്കും നാം കാണുക എന്നുള്ളത് തീർച്ചയാണ്. എന്നാൽ ഇതുപോലുള്ള കെണികളിൽ അവർ വീഴാതിരിക്കണമെന്നുണ്ടെങ്കിൽ അതിനേറ്റവും നല്ല മാർഗ്ഗം ഈ കെണികളിൽ പെട്ടുപോയവരെ രക്ഷിക്കുവാൻ യുവജനങ്ങളെ തന്നെ ഏൽപ്പിക്കുക എന്നുള്ളതാണ്. ഇവയിലെല്ലാം പെട്ടുപോകുമ്പോൾ ഉണ്ടാകുന്ന പരിണിത ഫലങ്ങളെ പറ്റി ബോധവാന്മാരാക്കുക എന്നതാണ്. ലഹരി

പദാർത്ഥങ്ങളുപയോഗിച്ച് നശിച്ച ജീവിതങ്ങളെ കാണിച്ചുകൊടുക്കുകയും ഇവയുടെ ഗുരുതരഫലങ്ങൾ എന്തെല്ലാമാണെന്ന് മനസ്സിലാക്കുകയും വേണം. ഇതുപോലുള്ള താത്കാലിക സുഖങ്ങളിലേക്ക് മനസ്സ് പലായനം ചെയ്യാതിരിക്കാൻ കുടുംബത്തിൽ നിന്നുകൂടെ വലിയ ശ്രദ്ധ ആവശ്യമാണ്.




കുടുംബങ്ങളിൽ നിന്ന് കുട്ടികൾക്ക് മൂല്യബോധങ്ങൾ ലഭിക്കണമെന്നുള്ളത് ആവശ്യമാണ്. സമൂഹത്തിൽ പെൺകുട്ടികളോടു കാണിക്കുന്ന അനീതികൾ കാണുമ്പോൾ പുറത്തിറങ്ങരുത് എന്ന് പെൺകുട്ടികളോട് നിർദ്ദേശിക്കുകയല്ല വേണ്ടത് പകരം സ്ത്രീ, ബഹുമാനം അർഹിക്കുന്നവളാണേന്നും ഈ സമൂഹത്തോട് അവൾക്കു തുല്യ അവകാശമുണ്ടെന്നും , അവളോട് നന്നായി പെരുമാറണമെന്നും ആൺകുട്ടികളെ പറഞ്ഞു മനസ്സിലാക്കുകയാണ് വേണ്ടത്.

മറ്റുള്ളവരെ സഹായിക്കുവാനും , നല്ലതു ചെയ്യുവാനുമൊക്കെ മനസ്സുള്ളവരായിരിക്കണം യുവജനങ്ങൾ. അതിന് ദൈവഭയം ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. തനിക്കുവേണ്ടി ചെയ്യുതന്ന കാര്യങ്ങൾക്ക് ഒരു നേരമെങ്കിലും ദൈവത്തോട് നന്ദി പറയുന്നത് നല്ലതായിരിക്കും. പിന്നോട്ടു നിൽക്കുന്ന സ്ത്രീ സമൂഹത്തിന്റെ ഉന്നമനത്തിനും പാവപ്പെട്ടവരുടെ ഉന്നമനത്തിനും ഇത് സഹായകമാവും. ചെറിയ ചെറിയ നന്മപ്രവർത്തികളിൽപോലും മാതാപിതാക്കളും അധ്യാപകരും അവരെ പ്രോത്സാഹിപ്പിക്കണം.

ഭരണത്തിലും ഏതൊരു ഉദ്ദേശ്യമേഖലയിലും യുവജനങ്ങളുടെ സാന്നിധ്യം ഉറപ്പാക്കണം. അനീതിക്കെതിരെ പോരാടാനുള്ള ധൈര്യവും ഊർജ്ജവുമുണ്ടായിരിക്കണം, എന്നാൽ ഇതെല്ലാം അനീതിക്കുള്ള ഉപകരണങ്ങളായി മാറുകയുമരുത് . അതിൽ ഒരു പ്രത്യേകശ്രദ്ധ ഉണ്ടായിരിക്കണം. അനീതിയോടു മല്ലിടുവാനും നീതിക്കായി ജീവിക്കുവാനും അവർ ശ്രമിക്കണം. ഗവർണമെന്റ് ജോലികളിൽ നടക്കുന്ന കോഴ വാങ്ങലും ജോലിയോടുള്ള താത്പര്യമില്ലായ്മയും ഇല്ലാതാക്കാൻ നമുക്കു സാധിക്കണം. പ്രശ്നങ്ങളെ കരുത്തോടെ നേരിടാൻ തക്കവണ്ണം ഊർജ്ജസ്വലരായിരിക്കണം യുവജനങ്ങൾ. ഇനിയുള്ള സമൂഹത്തെ നന്മകൊണ്ട് വാർത്തെടുക്കാൻ അവർ

കൈക്കോർക്കണം. ഭരണത്തിലും അവർക്ക് പങ്ക് ലഭിക്കണം. രാജ്യത്തിന്റെ ഉന്നമനത്തിനായി ജീവിക്കുന്ന മൂല്യബോധമുള്ള പൗരന്മാരായി യുവജനങ്ങൾ മാറണം. തളർന്നുപോയവരെ താങ്ങിനിർത്തുവാനും തോറ്റുപോയവരെ വിജയത്തിലെത്തിക്കുവാനും അവർക്ക് സാധിക്കണം. തെറ്റിൽ വീണുപോയവരെ കരകയറ്റാനും കൂടെ നിർത്താനും കഴിയണം. തെറ്റുകൾ കാണുമ്പോൾ പ്രതിഷേധിക്കാൻ കെല്പുള്ളവരായിരിക്കണം ഈ സമൂഹം. ജീവിതം എന്നത് വെറുതെ തീരാനുള്ളതല്ല എന്നതും അതൊരു അവസരമാണെന്നും അവർക്ക് ഉൾബോധം ഉണ്ടായിരിക്കണം. നന്മയ്ക്കുവേണ്ടി ജീവിക്കുന്നവരെ ലോകം എന്നും സ്മരിക്കും. സമൂഹത്തിൽ മാറ്റം വിതച്ചവരെ ജനം ബഹുമാനിക്കും. എന്നാൽ ഇതെല്ലാം കാണുമ്പോൾ മനസ്സു പതറുന്നവരായിരിക്കരുത് അവർ. സ്നേഹത്തിന് വിലകല്പിക്കുന്നവരായിരിക്കണം. മാതാപിതാക്കളെ മനസ്സിലാക്കാനുള്ള മനസ്സ് ഉള്ളവരായിരിക്കണം. കാരണം , യുവജനങ്ങളാണ് ഇനിയുള്ള സമൂഹം. ഈ തലമുറയും കടന്നു പോകും . അപ്പോൾ വീണ്ടും യുവജനങ്ങൾ ഉണ്ടാവും അവർ തങ്ങളുടെ പൂർവ്വികരുടെ പാത പിന്തുടരും. അങ്ങനെ ഈ സമൂഹം നന്മയിലേക്ക് ചരിക്കും. അതിന് എപ്പോഴും ജീവിതത്തിൽ ഒരു ലക്ഷ്യമുണ്ടായിരിക്കണം. ജീവിത്തെ ഉത്തരവാദിത്വ ബോധത്തോടെ നോക്കിക്കാണുവാൻ സാധിക്കണം.

മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ യുവജനങ്ങൾക്കു കഴിയണം. കാരണം ഇന്നത്തെ യുവജനം, നാളത്തെ സമൂഹമാണ്. അവരുടെ തുടർച്ചയാണ് ഇനിയുള്ള സമൂഹത്തിന്റെ തുടർച്ച.

RONA ELIZABETH
Std XA
(Inter school competition 2019-20
മലയാളം ഉപന്യാസ മത്സരം
*first prize)*

# കേരളമാണെന്റെ നാട് (കവിത രചന)

കേരളമാണെന്റെ നാട്
മലയാളമാണെന്റെ ഭാഷ
പച്ചപ്പുനിഞ്ഞ നാട്
തെങ്ങുകൾ നിറയുന്ന നാട്
സുന്ദരമാണെന്റെ നാട്
ഇളം കാറ്റ് വീശുന്ന നാട്
കേരളമാണെന്റെ സ്വന്തം നാട്
കേരളം ദൈവത്തിന്റെ സ്വന്തം നാട്
പൂക്കൾ നിറയുന്ന നാട്
പെറ്റമ്മയാണെന്റെ നാട്

"നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"



# ശരിക്കുമുള്ള ആൻഡ്രോയ്ഡ് കുഞ്ഞപ്പനെ കണ്ടിട്ടുണ്ടോ?

ചായ വയ്ക്കും കഞ്ഞിയും കറിയും വയ്ക്കും, ചെസ് കളിക്കും, പാട്ട് പാടും രാത്രി ഉറങ്ങാതെ വീടിനു കാവലിരിക്കുകയും ചെയ്യും.... വയസ്സായപ്പോൾ ഭാസ്കരനു കൂട്ടായി മകൻ വീട്ടിൽ നിർത്തിപ്പോയ റോബട്ട് ചെയ്യുന്ന ജോലികളാണ് ഇപ്പറഞ്ഞതെല്ലാം ആൻഡ്രോയ്ഡ് വേർഷൻ 5.25 എന്നായിരുന്നു റോബട്ടിന്റെ ഔദ്യോഗിക പേര്.

---

# ഏറ്റവും വലിയ സമ്മാനം



ഒരിടത്ത് മാളു എന്നൊരു കുട്ടിയുണ്ടായിരുന്നു. ഓർമ്മ വച്ച കാലം മുതൽ അവൾ അനാഥാലയത്തിലായിരുന്നു. അനാഥാലയത്തിലെ തൂപ്പുക്കാരി ജാനു പറഞ്ഞ ചെറിയൊരു അറിവെ അച്ഛനെയും അമ്മയെയും കുറിച്ച് അവൾക്കുള്ളു. ഒരു ക്രിസ്തുമസ് രാത്രിയാണ് ആ അനാഥാലയത്തിലെ വാതിക്കൽ അച്ഛനമ്മമാരാൽ അവൾ ഉപേക്ഷിക്കപ്പെട്ടത്. എല്ലാ ക്രിസ്തുമസ് രാത്രിയിലും അവൾ അച്ഛനമ്മമാരെ കാത്ത്  അനാഥാലയത്തിൻെറ പടിവാതിക്കൽ ചെന്ന് നിൽക്കുമായിരുന്നു.ന്നും പതിവുപ്പോലെ അവൾ മാതാപിതാക്കളെ കാത്ത് വാതിൽക്കൽ വന്ന് നിന്നപ്പോൾ അവളുടെ കയ്യിൽ തൂപ്പുക്കാരി ജാനു കൊടുത്ത ഒരു സമ്മാനപ്പൊതിയുമുണ്ടായിരുന്നു.ഇല്ല ഈ പ്രാവിശ്യവും അവളെ തേടി ആരും വന്നില്ല.ഏറെ സങ്കടത്തോടെ തിരിഞ്ഞ് നടക്കുമ്പോൾ പിറകിൽ നിന്നൊരു വിളി:മാളു...മാളു...തിരിഞ്ഞുനോക്കിയപ്പോൾ തൊട്ടടുത്ത വീട്ടിലെ മീനുക്കുട്ടിയാണ്.എന്താണ് സമ്മാനം കിട്ടിയിട്ടും സങ്കടപ്പെട്ടിരിക്കുന്നത് എന്ന് മീനു ചോദിച്ചു.മീനുവിനും സങ്കടമാണല്ലേ എന്ന് മാളു ചോദിച്ചു.മീനു പറഞ്ഞു:എല്ലാ ക്രിസ്തുമസിനും അച്ഛൻ സമ്മാനപ്പൊതിയുമായിട്ടാണ് വരുന്നത്. ഈ പ്രാവിശ്യം ജോലി വളരെ കുറവായിരുന്നതുകൊണ്ട് എനിക്ക് ഈ പ്രാവിശ്യം സമ്മാനമൊന്നും കിട്ടിയില്ല.അതാണ് ഞാൻ സങ്കടപ്പെടാൻ കാരണം.മാളുവിന് എന്താണ് സങ്കടമെന്ന് മീനുക്കുട്ടി മാളുവിനോട് ചോദിച്ചു:മാളു പറഞ്ഞു എനിക്ക് ക്രിസ്തുമസ് സമ്മാനമൊക്കെ കിട്ടി.പക്ഷെ എല്ലാ വർഷവും ഞാൻ ഈ വാതിക്കൽ വന്ന് എന്നെ ഉപേക്ഷിച്ചുപ്പോയ അച്ഛനെയും അമ്മയെയും കാത്ത് നിൽക്കാറുണ്ട്.ഈ പ്രാവിശ്യവും അവർ വന്നില്ല.അതാണെൻെറ സങ്കടം.സമ്മാനമൊന്നും കിട്ടിയില്ലെങ്കിലും മീനു കുട്ടിക്ക് അച്ഛൻെറയും അമ്മയുടെയും കൂടെ ക്രിസ്തുമസ് ആഘോഷിക്കാമല്ലോ.ഞാൻ ഇപ്പോഴും

*അനാഥയായി അപ്പച്ചനെയും അമ്മച്ചിയെയും കാത്തിരിക്കുകയാണ്.മീനു ഭാഗ്യവതിയാണ് എന്നെക്കാളും. തിരിച്ചുനടക്കുമ്പോൾ മീനുക്കുട്ടിക്ക് സമ്മാനം കിട്ടിയില്ല എന്നൊരു ദുഖം ഉണ്ടായിരുന്നില്ല.വീട്ടിൽ എത്തിയ ഉടൻ അച്ഛനെയും അമ്മയെയും കെട്ടിപ്പിച്ച് അവരോട് പറഞ്ഞു:ഈ ക്രിസ്സുമസിന് എനിക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനം നിങ്ങൾ തന്നെയാണ്.*

***ഈശ്വരൻ തന്ന വലിയ സമ്മാനം***

***അച്ഛനും അമ്മയും...***



*-എയ്ഞ്ജലീന കാരൾ*

# പല വർണക്കാർ

കറുകറു കറുത്ത കാക്കമ്മ
വെളുവെളു വെളുത്ത പൂച്ചമ്മ
പച്ച പൂങ്കൊടിയുടുത്തുള്ള
ചുവന്ന ചുണ്ടുള്ള തത്തമ്മ
പൂമ്പാറ്റയ്ക്ക് അഴകായി
പല വർണങ്ങൾ ചേർന്നല്ലോ
എല്ലാ നിറവും ഒത്തെന്നാൽ
മഴവില്ലഴകിൻ രസമാണേ



By
ALEN BAIJU
*IX A*

# അദൃശ്യ മനുഷ്യന്



-അഗസ്റ്റിൻ ആന്റണി

*ലണ്ടനിലെ ഒരു ഗ്രാമത്തിലാണ് കഥ നടക്കുന്നത് മഞ്ഞുകാലമാണ്. ശരീരം മുഴവൻ മൂടിപ്പുതച്ച് ഒരു മനുഷ്യൻ റെയിൽവേ സ്റ്റേഷനിലെ ഹോട്ടലിൽ റൂമെടുത്തു. ആരുടെയും സാമിപ്യം ഇഷ്ടപ്പെടാത്ത ഒരു പരുക്കനായ മനുഷ്യൻ. കുറേ പെട്ടികൾ കൂടി പിറ്റേന്ന് എത്തുന്നതോടെ അയാൾ ഗ്രാമത്തിൽ സംസാര വിഷയമാകുന്നു. അയാളെക്കുറിച്ച് പല കഥകളും ജനിക്കുന്നു . താൻ വലിയ ശാസ്ത്രജ്ഞനാണെന്നു സ്വയം വിശ്വസിക്കുന്ന ഡോ.കസ്സ് വിചിത്രനായ മനുഷ്യനെ കാണാനെത്തുന്നതോടെയാണ് കഥാഗതി മാറുന്നത്. സംസാരം വാക്കേറ്റത്തിലാകുന്നു. തുടർന്നു തന്റെ ഓരോ വസ്ത്രവും വിചിത്ര മനുഷ്യൻ ഊരി എറിഞ്ഞു അതോടെ അയാൾ അദൃശ്യനായി.*

# പ്രകൃതിയാം സൗന്ദര്യം


ദൈവത്തിന്റെ കൈ : പ്രളയമിറങ്ങിയതോടെ പഴയ മൂന്നാറിലെ പുഴയുടെ നടുവിൽ ദൃശ്യമായത് പ്രകൃതി ഒരുക്കിയ 'അത്ഭുത കൈ'. ബൈപാസ് പാലത്തിനു താഴെ മുതിരപ്പുഴയാറിലാണ് കൈപ്പത്തി കമഴ്ത്തി വച്ചതുപോലെ വെള്ളത്തിനു മുകളിൽ പാറ തെളിഞ്ഞു നിൽക്കുന്നത്. ഇതു കാണാൻ പാലത്തിലിപ്പോൾ തിരക്കാണ്. ജലനിരപ്പ് താണു കിടന്ന സമയത്ത് ഈ പാറ ആരുടേയും ശ്രദ്ധയിൽ പെട്ടിരുന്നില്ല. ശക്തമായ കുത്തൊഴുക്കിൽ പാറയ്ക്ക് രൂപമാറ്റം വന്നതാണോയെന്നും സംശയമുണ്ട്.

ഹാ ! എത്ര സുന്ദരമീ പ്രകൃതി
പളുങ്കുമണികൾ ചിന്നിചിതറിച്ച്
കളകളാരാഗം ഉതിർവിട്ടുകൊണ്ട്
ഒഴുകീടുന്ന നദിയും,
ഇളം കാറ്റിൽ കിളികളുടെ
രാഗത്തിന് താളംപിടിച്ചു
കൊണ്ടാടുന്ന മരങ്ങളും
എല്ലാം നശിച്ചിരിക്കുന്നു
എല്ലാം ഇന്നുനിലച്ചിരിക്കുന്നു
ദൈവത്തിൻ സൃഷ്ടിയാമീ
പ്രകൃതിയെ കാത്തുകൊൾക്കാൻ
നമ്മെ ഭരമേൽപ്പിച്ചുവെങ്കിലും
ക്രൂരമാമീ മനുഷ്യർ
അവയെ നശിപ്പിച്ചിടുന്നു നിത്യം.



*-ഹാരൻ പിൻഹീറോ*

## നിങ്ങളുടെ ജീവിതത്തിൽ മാതൃകയായ ഒരു വ്യക്തിത്വം

എന്റെ ജീവിതത്തിൽ മാതൃകയായ വ്യക്തികൾ എന്റെ അച്ഛനും അമ്മയുമാണ്. കാരണം എന്റെ തെറ്റുകൾ തിരുത്തുകയും അതിന്റെ ദൂഷ്യഫലം എനിക്ക് മനസ്സിലാക്കി തരുകയും നന്മയുടെ പാതയിൽ വളരാൻ എന്നെ സഹായിക്കുന്നത് എന്റെ റോൾ മോഡലായ അച്ഛനും അമ്മയുമാണ്. എന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും എന്നിങ്ങനെയുള്ള എല്ലാ കാര്യത്തിനും അവർ എന്റെ ഒപ്പമുണ്ടാവും. എന്തിന് എന്റെ സങ്കടത്തിൽ പോലും. എന്നെ പഠിപ്പിച്ച് തരുന്നത് എന്റെ അമ്മയാണ്. എനിക്കു പഠിക്കുവാനുള്ള പുസ്തകവും പേന, പെൻസിൽ എന്നിങ്ങനെയുള്ള സാധനങ്ങൾ വാങ്ങിച്ചുതരുന്നത് എന്റെ അച്ഛനും. ഈ പറഞ്ഞ സാധനങ്ങൾ ഒന്നും ഇല്ലെങ്കിൽ ഞാൻ എങ്ങനെ പഠിക്കും. എന്നെ നേർവഴിയിലൂടെ നടത്തുന്നത് എന്റെ അച്ഛനും അമ്മയുമാണ്. എനിക്ക് നന്മയും തിന്മയും പറഞ്ഞു മനസ്സിലാക്കി തരുന്നത് എന്റെ അച്ഛനും അമ്മയുമാണ്. എന്റെ ഏത് സാഹചര്യത്തിലും കൂട്ടുണ്ടാവുക എന്റെ മാതാപിതാക്കളാണ്. നമ്മുടെ അച്ഛനും അമ്മയുമില്ലാതെ നമുക്ക് എന്തെങ്കിലും സാധിക്കോ ഒരിക്കലും ഇല്ല. കാര്യം അവർ ഉള്ളപ്പോൾ നമുക്ക് അവരുടെ വില അറിയില്ല. പക്ഷേ അവർ നമ്മെ വിട്ടുപോയാലോ, നമുക്ക് സഹിക്കാനാവില്ല.

നമ്മുടെ മാതാപിതാക്കളുടെ അടുത്ത് ഒന്നും ഒളിച്ചു വയ്ക്കരുത്. അത് നമുക്ക് തന്നെ ദോഷമാകും. നമുക്ക് എന്ത് വിഷമമുണ്ടെങ്കിലും അത് ഒക്കെ നടത്തി തരുന്നത് നമ്മുടെ മാതാപിതാക്കളാണ്.




ചിലവരുടെ റോൾമോഡൽസ് കൂട്ടുക്കാരായിരിക്കും. പക്ഷേ അവർ എല്ലായിപ്പോഴും നമ്മുടെ ഒപ്പം ഉണ്ടാകണമെന്നില്ല. ഒരു പരിധി വരെ അവർ നമ്മുടെ കൂടെ യുണ്ടാവും. പിന്നെ അവരുടെ കാര്യം കാണാൻ അവർ നമ്മളെ തള്ളിക്കളയും. എല്ലാവരും ഒരു പോലെയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഒട്ടുമിക്കവരും തള്ളിപ്പറയും.

നമ്മുടെ മാതാപിതാക്കൾ നമുക്ക് തരുന്ന സ്നേഹം നമുക്ക് അളക്കാനാവില്ല. പക്ഷെ നമ്മുടെ കൂട്ടുക്കാർ നമ്മോട് കള്ളസ്നേഹം കാണിക്കും. നമ്മുടെ ഏതൊരാപത്ത്കെട്ടിലും , ബുദ്ധിമുട്ടിലും കൺകണ്ട ദൈവങ്ങളായി അവർ നമ്മുടെ മുന്നിൽ എത്തും. ഒരിക്കലും തള്ളിപറയുകയോ അവരെ അവിശ്വസിക്കുകയോ ചെയ്യരുത്.

ഒരിക്കലും നമ്മൾ അവരെ വൃദ്ധസദനത്തിൽ ആക്കരുത്. നമ്മുടേ എല്ലാ കാര്യങ്ങളും നോക്കിയവരല്ലേ നമ്മുടെ മാതാപിതാക്കൾ. നമ്മുടെ നന്മ മാത്രം ആഗ്രഹിച്ച് നമ്മളെ നല്ല നിലയിലാക്കിയത് അവരല്ലേ. അവരില്ലെങ്കിൽ ഒന്നും

നേടാനാവില്ല. അതുകൊണ്ട് എന്റെ മാത്രമല്ല നിങ്ങളുടെയും റോൾമോഡൽസ് മാതാപിതാക്കന്മാരായിരിക്കണം.. ...



**ELANOR SAMSON**

Std VI D

(Inter school competition 2019-20

മലയാളം ഉപന്യാസ മത്സരം*first prize*

# THE ROLE OF YOUTH IN A VALUE ORIENTED SOCIETY

The first prime minister of our country once said " Children are the future of the country" and in more one ways this quote is true. Children and youths have many influences, their mothers, fathers, siblings, teachers and other important people in their life. They are subjected to many different opinions and ideas, and with time make their own ones.

Youth have the energy, intelligence and power to help making a change in the society. With the right amount of each and the will power to help change the world for the better, it is possible to do anything.

In today's society the youth plays a significant role. They may do so in smalll ways, but each and everyone of those acts play an important part. There are many examples of those who do so.

Anna Ribo Joshy is a 19 year old anti-drug activist who at the age of 14 created a video explaining the harm of such a dangerous vice.

Another good example was a boy in U.S.A who wrote and sang the well known song 'clouds' the young man had cancer and had wanted to spread the message of hope.

And there more than a million examples of young people who achieve this.

If the youth of the country are influenced with the right values and morals, they would spread the morals that they have heard . With the correct and human policies that they have learnt it is very much possible for them to influence and inform others of the rights and wrongs of humanity.

At a young age if a child is taught good values such as kindness honesty , hard work and all of these values are continued into adult hood, they can make a change in the society by simply applying these qualities in their daily life. When this is done others start to take notice, appreciating the habits that they show. And slowly its starts to be imitated and a change is visible in our society.

As said earlier with the right values and ethics youth can make a significant change, making the world better. One person at a time. The idea may take time but, slowly and softly it makes an important difference.

HS
(Inter school competition 2019-20
*English Essay,first prize)*

# മലയാളിയുടെ മാറുന്ന ഭക്ഷണശീലങ്ങൾ




വിശക്കുന്നവനു മുന്നിൽ ദൈവം അപ്പമായ് വരുന്നു എന്ന ബൈബിൾ വചനത്തെ മറികടന്ന് ഭക്ഷിക്കാൻ വേണ്ടി മാത്രം ജീവിക്കുന്ന ഒരു തലമുറയുടെ താന്തോന്നിത്തങ്ങളിലേക്ക് മലയാളി മാറിപ്പോയ ദുരന്ത ഭൂമികയിലാണ് നാമിന്ന് നിൽക്കുന്നത്.

മലയാളിയുടെ മാറുന്ന ഭക്ഷണശീലങ്ങളെക്കുറിച്ച് പറയുമ്പോൾ എനിക്കോർമ്മ വരുന്നത്

"നായർ വിശന്ന് വലഞ്ഞു -
വരുമ്പോൾ
കായക്കഞ്ഞിയ്ക്കരിയിടാത്ത"

ഭാര്യയോട് ദേഷ്യം തീർക്കാൻ വീട്ടിലുള്ളതെല്ലാം എടുത്ത് കിണറ്റിലിടുന്ന കുഞ്ചൻ നമ്പ്യാരുടെ സഭാപ്രവേശം തുള്ളലിലെ യോദ്ധാവിനെയാണ്.

പ്രിയമുള്ളവരേ എന്താണ് നമുക്ക് പറ്റിയത്? നാം നമ്മുടേ ശീലങ്ങളെയും ആഹാരമര്യാദകളെയും ആർക്കാണ് പണയം വെച്ചത്? സ്വന്തം വയറ് ഫാസ്റ്റ് ഫുഡുകൾക്കും കൃത്രിമ രസക്കൂട്ടുകൾക്കും തീറെഴുതിക്കൊടുക്കാൻ നാമിന്നു മത്സരിച്ചു കൊണ്ടിരിക്കുന്നു. നമ്മുടേ തീൻമേശകൾ ഇന്ന് മത്സരകോർട്ടുകളായി മാറിപ്പോയതുകൊണ്ടാണല്ലോ ഇവിടെ ഫുഡ്കോർട്ടുകൾ കൂണുപോലേ മുളച്ചു പൊന്തുന്നത്.

ചിലരുടെ തീൻമേശകൾ യുദ്ധക്കളത്തിലെ കബന്ധങ്ങൾ പോലെ കോഴിക്കാലുകൾ കൊണ്ടും അവശിഷ്ടങ്ങൾകൊണ്ടും നിറഞ്ഞു കിടക്കുന്നത് കാണുമ്പോൾ ആഹരിക്കാൻ മാത്രം പിറന്നവരാണ് നമ്മുടെ ജനത എന്ന് തോന്നി പോകുന്നത് സ്വാഭാവികം.

ഒരു നേരത്തെ ആഹാരത്തിനുപോലും ഗതിയില്ലാത്ത ജനസഞ്ചയങ്ങൾ ഈ ലോകത്ത് വസിക്കുന്നുണ്ട് എന്നറിയാതെ പോകരുത്. നാം പാശ്ചാത്യ രീതിയിൽ നിന്നും കടമെടുത്തും കയ്യേറിയും നമ്മുടെ ആഹാരക്കമ്പോളങ്ങൾ തടിച്ചു കൊഴുത്തു വന്നപ്പോൾ അതിനു പിറകെ പോയ മലയാളി സ്വന്തം സ്വന്തം ശരീരത്തിന്റെ ആവശ്യകത മറന്നു പോയി എന്ന് വേണം കരുതാൻ.

**എന്നും വാരിവലിച്ച് വിഴുങ്ങുന്ന നമ്മുടെ ശീലം രോഗാതുരമായ അവസ്ഥയിലേക്ക് നമ്മെ കൊണ്ടെത്തിച്ചിരിക്കുന്നു എന്ന് തിരിച്ചറിയാൻ ഇനിയും വൈകിക്കൂടാ.**



**കഞ്ഞിയും പുഴുക്കും നമ്മുടെ തീൻമേശകളുടെ അഴകും ആരോഗ്യവുമായിരുന്ന ഒരു കാലത്ത് നിന്ന് കുഴിമന്തികളുടെയും അൽഫാമിന്റെയും ചിക്കിംഗിന്റെയും കളർഫുൾ ലോകത്തേക്ക് നാം അനുഭാവപൂർവ്വം കടന്ന് വന്നപ്പോൾ വരാനിരിക്കുന്ന മഹാദുരന്തത്തെ മലയാളി മറന്നു പോയി എന്ന് വേണം പറയാൻ. അടുക്കളയുടെ വൃത്തിയിൽ നിന്ന് നമ്മുടെ തീൻമേശകളെ ഫുട്പാത്തുകളിലേക്കും തട്ടുകടകളിലേക്കും നാം വലിച്ചിട്ട് നമ്മുടെ ഭക്ഷണശീലത്തെ മാറ്റിയെടുത്ത്പ്പോൾ നമുക്ക് കൈമോശം വന്നത് പോഷക സമൃദ്ധമായ നമ്മുടെ ആഹാരവിഭവങ്ങളാണ്.**



**-അന്റോണിയ സോളി**
**മലയാളം അധ്യാപിക**



# ലോക വയോജന ദിനം

ജാൻവി. വി. നായർ
XC




ജീവിതം ഒരു നീണ്ട യാത്രയാണ് ആ യാത്രയിൽ നാം പലരെയും കണ്ടുമുട്ടുന്നു. പലരും നമ്മുടെ പലവിധ അനുഭവങ്ങളും പകർന്നു നൽകുന്നു എന്നാൽ നമ്മുടെ ജീവിതത്തിലുടനീളം നമ്മുടെ കൂടെ നിന്ന് തടസങ്ങളില്ലാതെ ആ യാത്രയിലുടനീളം നമ്മുടെ കൂടെ നിൽക്കുന്നവരാണ് നമ്മുടെ മാതാപിതാക്കൾ. ഓരോ നിമിഷവും അവർ നൽകുന്ന സ്നേഹവും കരുതലും നമ്മുടെ ജീവിതത്തിൽ മൂല്യങ്ങളും അനുഭവങ്ങളും പകർന്നു നൽകുന്നു. ഒത്തിരി വേദനകൾ സഹിച് ഒടുവിൽ നമുക്ക് ജന്മം നൽകുന്ന അമ്മയും നമ്മെ ഒത്തിരി സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന അച്ഛനും നമ്മുടെ ജീവിതശില്പികളാണ്. അവർ നമുക്ക് നൽകുന്ന സ്നേഹം മറ്റാരിൽനിന്നും ലഭിക്കുകയില്ല.




ഇന്ന് വൃദ്ധസദനങ്ങൾ വർദ്ധിച്ചു വരുകയാണ്. സ്വന്തം മാതാപിതാകളെ സ്നേഹിക്കുവാനും അവരുടെ ഇഷ്ടങ്ങൾ ഉൾകൊള്ളുവാനും സാധിക്കാതെ സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും, നന്മയും, മൂല്യവും അറിയാത്ത പാശ്ചാതൃസംസ്കാരത്തെ പൂർണമായി അനുകരിക്കുന്ന മക്കൾ അവരെ വൃദ്ധമന്ദിരങ്ങളിലേക്കും മറ്റും ഉപേക്ഷിക്കുന്നു. വൃദ്ധസദനത്തിലെ രാത്രിയിൽ എല്ലാവരും ഉറങ്ങിയിട്ടും ഉറക്കത്തിലേക്കും വീഴാതെ സ്വന്തം മക്കളെക്കുറിച്ച് ആലോചിചിരിക്കുകയാണ്ആർക്കും വേണ്ടാത്ത അനാഥരായ ആ മാതാപിതാക്കൾ . തങ്ങളുടെ മക്കൾ നല്ല നന്മയുള്ളവയായിരുന്നെങ്കിൽ തങ്ങൾ

ക്ക് അത്തരമൊരു ജീവിതാവസ്ഥ വരില്ലായിരിന്നു. എന്നിട്ടും തൻെറ മക്കളുടെ കാര്യങ്ങളിൽ അതീവമായി ചിന്തിക്കുകയാണ് അവർ ഇപ്പോ എന്തെടുക്കുകയാവും അവരുടെ ഇപ്പോഴത്തെ അവസഥ എന്തയിരിക്കും എന്നൊക്കെ. ഇതിൽ നിന്ന് തങ്ങൾക്ക് തൻെറ മക്കളോടുള്ള സ്നേഹവും,കരുതലുമാണ് സൂചിപ്പിക്കുന്നത്. തന്റെ മക്കൾ ഇത്രയും ക്രൂരത ചെയ്തിട്ടും അവരെ വെറുക്കാതെ ഒത്തിരി സ്നേഹിക്കുകയാണ് മാതാപിതാകൾ . ഇവിടെയാണ് മാതാപിതാകളുടെ സ്നേഹവും,കരുതലും,മൂല്യവും വ്യക്തമായി തെളിയുന്നത്

**ഇന്നത്തെ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ഈ പ്രവണത നിർത്തേണ്ടതുണ്ട്. മക്കൾ തങ്ങളുടെ മാതാപിതാക്കളെ സ്നഹിക്കുവാനും, സംരക്ഷിക്കുവാനും, അവരെ ഉൾ ക്കൊള്ളുവാനും തയ്യാറാകണം. അങ്ങനെ സ്നേഹത്തിൻെറ മൂല്യം മനുഷ്യമനസ്സ് മനസ്സിലാക്കണം**

# അപ്പുകുട്ടനും ചങ്ങാതിയും



ഒരിടത്ത് ഒരിടത്ത്, അപ്പു എന്നൊരു കുട്ടിയുണ്ടായിരുന്നു.അവന് പ്രകൃതിയെന്നാൽ ജീവനായിരുന്നു. അങ്ങനെയിരിക്കെ ഒരുദിവസം സ്കൂളിൽ പോകുന്ന വഴി യാഥൃശ്ചികമായി ഒരു ചെടി അനങ്ങുന്നതായി കണ്ടു. അപ്പോൾ തന്നെ അവൻ ആ ചെടി മാറ്റിനോക്കിയപ്പോൾ അവൻ ഒരു പാവം കുഞ്ഞ് മുയലിനെ കണ്ടു. അവൻ അതിനെ കൈകുമ്പിൾ വാരിയെടുക്കുകയും അതിന് മിട്ടു എന്ന് പേരിടുകയും ചെയ്തു. അതിനോട് അലിവ് തോന്നി അവൻ അതിനെ വിദ്യാലയത്തിലേക്ക് കൊണ്ടുപ്പോവുകയും അവൻ ഇരിക്കുന്ന സ്ഥലത്തിൽ മിട്ടുവിനെ ഇരുത്തുകയും ചെയ്തു.

കുറച്ച് കഴിഞ്ഞപ്പോൾ ക്ലാസ്സുമുറിയിലേക്ക് അദ്ധ്യാപിക കയറിവരുകയും മിട്ടുവിനെ കണ്ട് ദേഷ്യപ്പെടുകയും അതിനെ പുറത്തേക്ക് വലിച്ചെറിയുകയും ചെയ്തു. മിട്ടുവിനോട് സഹതാപം തോന്നിയ അപ്പു ക്ലാസ്സ് മുറിയിൽ നിന്ന് ഇറങ്ങിപ്പോയി. ഓടി ചെന്ന് മിട്ടുവിനെ എടുത്ത് തലോടി. അപ്പു ഓഫീസിലേക്ക് പോയി പ്രധാനാദ്ധ്യാപികയോട് പരാതി നൽകുകയും ചെയ്തു. ഈ കാര്യമറിഞ്ഞ പ്രകൃതി സ്നേഹിയായിരുന്ന പ്രധാനാദ്ധ്യാപിക കോപപ്പെട്ട് മിട്ടുവിനെ പുറത്തേക്കെറിഞ്ഞ അദ്ധ്യാപികയെ ശകാരിക്കുകയും മേലിൽ ഇത് ആവർത്തിക്കരുതെന്ന് വാണിംഗ് നൽകുകയും ചെയ്തു. മൃഗങ്ങളോടു

കാണിക്കുന്ന അപ്പുവിന്റെ പ്രവർത്തിയെ പ്രധാനാധ്യാപിക പ്രശംസിക്കുകയും ചെയ്തു.

വൈകുന്നേരം അപ്പു മിട്ടുവിനെയും കൂട്ടി വീട്ടിലേക്ക് പോയി. വീട്ടിൽ എത്തിയപ്പോൾ അമ്മ മിട്ടുവിനെ കണ്ടിട്ട് അപ്പുവിനെ കുറെ ശകാരിച്ചെങ്കിലും അപ്പുവിൻെറ അച്ഛൻ ആ പൂച്ചയെ വളർത്താൻ അനുവാദം നൽകുകയും ചെയ്തു.

**പ്രകൃതിയെയും ജീവജാലങ്ങളെയും സ്നേഹിക്കുക,പരിപാലിക്കുക...**



-ജാക്വിലിൻ ജോമോൻ

# *YOUR ROLE MODEL IN LIFE*

The Role Model is a person who inspires you by their life experience or the other' . My Role Model in my life is my mother. She inspired me a lot by her experience and others. She is the coolest person I have ever seen in my life. Being a role model to me also measures how a good citizen or a personality my mother has. My mother is a Role Model to not only me, But also to everyone. Being a role model in someone's life is difficult because if you want to be a role model we have to get into someone's heart . She obeys the rules, without a chaos she solves the most hardest question in life. My role model is person who understand other feelings, understand love, inspiring in education, solving the impossibles t question mark in the life etc..... But all these qualities I have only seen in one and that's my mother. We hear many cries of children who are helpless because they don't have role model or learn what is life! Inspiration in someone's life is not as easy as we see in movies Novels or books.

Role models cannot be measured or known by their appearance we have to find the appearance of their heart and mind. Finding a Role Model is not as easy as finding a key or a letter. My mother always says these words-" Reach at the highest level". These words still inspire me. Understanding others feelings is a gift of God. It cannot be absorbed by everyone. Only 5 out of 10 people could get that gift. Understanding other's love is more difficult than that.

My inspiration changes according to what my mother inspires me with. My mother always read my min, study along with me, understand me. I feel like I am the luckiest in the world to get a beautiful mother and an awesome creation of God. I have an aim because of my mother, I have a better behaviour because of my mother. I move without obstacles because of my mother. She carrier me like the eye pole of her eyes.

I Reads , educates, move forward only because of my one role model my mother. I rise up from the as her like a phoenix bird just because of my mother. I only survives now because of my mother. She is the best inspiration in life and also my professional aims.

I always dreams to become like my mother. Catch up her characteristics, Resemble like her. She may not be getting any awards for this But a life long thanks and blessings from me. She may not be any goddess for everyone but a best goddess for me.

She may not be the best citizens to everyone whereas she is the world's best citizen I have ever seen.

I may not be talking about world's best people but I am talking about my best inspiring person.

She may not be the best college for her colleagues but my best friend in my life.

I love my mom for giving me her lifelong inspiration. She may not a most successful women. But the fully successful awesome mother in the world. My inspiration is my mother. The God's best creation. ***"My Best Role Model- My Mother."***

up
(Inter school competition 2019-20
English Essay competition
First prize)

# നമ്മുടെ നാട്

നമ്മുടെ നാടിൻ ഗതിമിതികൾ,
മാറ്റിമറിച്ചൊരു നവകേരളമതിൽ
മാനം മുട്ടേ ഉയർന്ന മതിലുകൾ
പ്രളയശേഷം പൊളിഞ്ഞടങ്ങും
പരിമിതിക്കുള്ളിൽ മാനത്തേക്ക്
തുമ്പികൾപോലെ വിമാനങ്ങൾ
ഓരോ നിലവിളി ഉയരും നേരം,
ഓരോ മാർഗം തളിരണിയും

നമ്മുടെ കേരളം, നമ്മുടെ രാജ്യവും
സ്വന്തം എന്ന അഹങ്കാരം കൊണ്ട്.
പാടുക നാം, അരുളുക നാം
നമ്മുടെ കേരളം നമ്മുടെ നാട്.



ALMEETA MARY

IX .D

**കഥ**

# കുസൃതിക്കാരൻ



ലീയ തെരെസ് ജോസ്

ഒരിടത്തൊരു കാട്ടിൽ ഒരു കുസൃതിക്കാരൻ മോട്ടു എന്ന മുയൽ ഉണ്ടായിരുന്നു. അവന് ഒരു കൂട്ടുക്കാരൻ ഉണ്ട് . കുട്ടുക്കാരൻ ആരാണെന്ന് നിങ്ങൾക്ക് അറിയണ്ടേ............ ഒരു കുയിൽ. കുയിലിന്റെ പേര് മാല്യ. ഇവർ രണ്ടു പേരും വളരെ അടുത്ത കൂട്ടുക്കാർ ആണ്. അങ്ങനെ ഇരിക്കുമ്പോൾ ഒരു ദിവസം മോട്ടു ഒരു കാര്യം കണ്ടു. എന്താണെന്നോ.........

ഒരു വേട്ടക്കാരൻ . അയാളുടെ കൈയിൽ ഒരു വലിയ തോക്കുണ്ട്. മോട്ടു മുയൽ പെട്ടന്നു പോയി മാല്യവിനോട് ഈ കാര്യം പറഞ്ഞു. മാല്യവിന് നല്ല പേടിയായി. അയാൾ കുയിലുകളെയാണ് വെടിവെക്കുന്നത് എന്നും മോട്ടു പറഞ്ഞു....

പിന്നീട് ഒരു ദിവസം വേട്ടക്കാരൻ കുയിലിനെതേടി നടക്കുകയായിരുന്ന.അങ്ങനെ ഇരിക്കുമ്പോൾ വേട്ടക്കാരൻ മാലു എന്ന കുയിലിനെ കണ്ടുമുട്ടാൻ ഇടയായി. വേട്ടക്കാരൻ തോക്കെടുത്തു മാലുവിനെ വെടിവെക്കാൻ പോയപ്പോൾ മോട്ടു കണ്ടു. അങ്ങനെ വേട്ടക്കാരനിൽ നിന്ന് മാലുവിനെ മോട്ടു രക്ഷിച്ചു.അങ്ങനെ കുസൃതിക്കാരായ മോട്ടുവും മോലുവും വളരെ അടുത്ത സുഹൃത്തുക്കളായിമാറി.......

# സംഗീതം

മൃദുൽ എം.എസ്.



മനസ്സിനിടനാഴിയിലെങ്ങു നിന്നോ
ഞാൻ കേട്ടെൻ ഹൃദയത്തിൻ
മധുര സംഗീതം..........
വീണയിൽ മീട്ടും സപ്തസ്വരങ്ങൾതൻ
മധുര നദമായിരുന്നെൻ സംഗീതം.........
മഴയുടെ കളകളാരവത്തിലൂണ്ടായി-
രുന്നെൻ സംഗീതം.........
മനസ്സിൻ അഗാതഗർത്തങ്ങളിൽ
മുഴങ്ങുമെൻ സംഗീതം ഇന്നെൻ
കർണ്ണതാളങ്ങളിൽ മുഴങ്ങവേ.......
ആരോ...... മീട്ടിയ തംബുരുതൻ
രാഗമാലികയങ്ങുയരവേ.........
ഞാനങ്ങതിലറിയാതെ ലയിച്ച
ചേരുന്നു........
സംഗീതമാകുന്നെൻ ചൈത്രയാത്രയിൽ
എൻ മനധാരിൽ വിടർന്ന
മൗനത്തിൻ സംഗീതം........
ഒരീറൻ നിലാവിൽ പൊഴിയും

തുഷാരങ്ങളിലുമുണ്ടെൻ ഹൃദയനാദം.......

സഗീതത്തിൻ നാദമയുരങ്ങൾ

നൃത്തമാടുന്നെൻ മനം.........

ഒരു രാമഴപോലൊരു...........

**നന്മുണിപോലെ.............**

# മലയാളമാണെന്റെ മാതൃഭാഷ

മാതൃഭാഷ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. കേവലമായ ആശയവിനിമയത്തിനുമപ്പുറം ഭാഷ നിർവ്വഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്. സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ നിർണ്ണായകമായ പങ്കുവഹിക്കുന്നു. നമ്മുടെ അറിവുകളും , അനുഭവങ്ങളും സ്വാഭാവികമായ രീതിയിൽ ആവിഷ്കരിക്കാനും, വിനിമയം ചെയ്യാനും മറ്റ ഭാഷകളേക്കാൾ മാതൃഭാഷയിലൂടെ കഴിയുന്നു.

സമ്പന്നമായ ഒരു സാഹിത്യലോകം മാതൃഭാഷയ്ക്കുണ്ട്. അതുവഴി മറ്റ ഭാഷകളിലെ ശ്രദ്ധേയമായ സാഹിത്യകൃതികളിലേക്കു കടന്നു ചെല്ലാനും നമുക്കു സാധിക്കുന്നു. സ്വതന്ത്രമായ വായനക്കും ചിന്തയ്ക്കും സർഗ്ഗാത്മകാവിഷ്കാരങ്ങൾക്കും അതുവഴി ഒട്ടേറെ സാഹചര്യങ്ങൾ നമുക്കു ലഭിക്കുന്നു. അതുകൊണ്ടുതന്നെ മാതൃഭാഷാ പഠനം വ്യക്തി വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു എന്നത് നിസ്തർക്കമാണ്.

മനുഷ്യ സംസ്കാരത്തിന്റെ അടിസ്ഥാനഘടകമാണ് ഭാഷ. മാതൃഭാഷാ സ്നേഹം നമ്മുടെ സംസ്കാരത്തോടുള്ള ആദരവിന്റെ ലക്ഷണമാണ്. നദിയിലെ വെള്ളം വറ്റിയാൽ നദി നശിക്കും. എന്നതുപോലെ നമ്മുടെ മാതൃഭാഷ നശിച്ചാൽ നമ്മുടെ സംസ്കാരവും നശിക്കും . മറ്റ ഭാഷകൾ പഠിക്കുമ്പോഴും സ്വന്തം ഭാഷയെ സ്നേഹിക്കാനും, ആദരിക്കാനും നമുക്കു കഴിയണം. 2013 മെയ്യ് 13 ന് ശ്രേഷ്ഠഭാഷാ പദവി നമ്മുടെ മലയാളഭാഷയ്ക്കു ലഭിച്ചു. ആ പദവി ലഭിച്ചതിനു മുമ്പും മലയാളഭാഷ ശ്രേഷ്ഠ തന്നെയായിരുന്നു.

ഇന്ന് മാതൃഭാഷയുടെ മഹത്വം മനസ്സിലാക്കാത്ത മലയാളികളുടെ എണ്ണം കൂടി വരുന്നു. അല്പസ്വല്പം മലയാളം സംസാരിക്കുന്നവർക്കു പോലും

ശരിയായി അക്ഷരമെഴുതാനോ, വായിക്കാനോ അറിയില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്ന്, നമ്മുടെ നാട്ടിൽ ഉപജീവനം തേടി എത്തിയ ആളുകൾ നമ്മുടെ മാതൃഭാഷാ പഠനം നടത്തുമ്പോൾ നമ്മൾ മലയാളികൾ ഇംഗ്ലീഷ് ഭാഷ വ്യാപകമായി ഉപയോഗിക്കുന്നു എന്നത് തികച്ചും വിരോധാഭാസമാണ്. വിദ്യ അഭ്യസിക്കുക എന്നു പറഞ്ഞാൽ ഇംഗ്ലീഷ് പഠിക്കുക അല്ലെങ്കിൽ മറ്റു ഭാഷകൾ പഠിക്കുക എന്ന് ധരിച്ചു വച്ചിരിക്കുന്നതാണ് ഇതിനു കാരണം.

ലോകഭാഷയെ ഇംഗ്ലീഷ് , ശാസ്ത്ര സാങ്കേതിക ഗവേഷണ പഠനങ്ങൾ , ഭാവിയിലേക്കുള്ള ഉന്നത വിദ്യാഭ്യാസം, ജോലി സമ്പാദനം, വിദേശയാത്ര തുടങ്ങിയ കാര്യങ്ങൾക്ക് നമുക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. അത് അംഗീകരിച്ചു കൊണ്ടുതന്നെ വേണം ആ ഭാഷ പഠിക്കാൻ. അത് പഠനത്തിന്റെ ഒരു ഭാഗമാണ് എന്നു കരുതി മാതൃഭാഷ പഠിക്കാത്ത, സംസാരിക്കാത്ത, എഴുതാനറിയാത്ത ഒരു അവസ്ഥയിലേക്കു നാം തരം താഴേണ്ട ആവശ്യമില്ല. നമ്മുടെ മാതൃഭാഷയെ നാം അവഗണിക്കാൻ പാടില്ല. കാരണം നമ്മുടെ ഹൃദയവികാരവിചാരങ്ങൾ പ്രകടിപ്പിക്കാൻ ഏറ്റവും ഉത്തമം മാതൃഭാഷ തന്നെയാണ്.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രമാർ
മർത്ത്യനു പെറ്റമ്മ തൻ ഭാഷതാൻ"

അതേ മറ്റു ഭാഷകൾ നമ്മുടെ പോറ്റമ്മമാർ മാത്രം. മാതൃഭാഷയെ മറക്കുന്നത് പെറ്റമ്മയെ മറക്കുന്നതിനു തുല്യമാണ്. അമ്മയുടെ മാറിൽ പറ്റിച്ചേർന്നു കിടന്ന് മുലപ്പാൽ കുടിച്ചിരുന്ന കാലം മുതൽ നാം മലയാളം കേൾക്കുന്നു. പല്ലില്ലാത്ത വായ്തുറന്ന് ആദ്യം പറയാൻ പഠിച്ച വാക്കുകളും മലയാളത്തിലുള്ളവയായിരുന്നു.

കേരളത്തിലേ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈ വരിക്കുന്നതിനു വേണ്ടി കേരള ഗവൺമെന്റ് ഭരണഭാഷാ വാരവും മലയാളദിനവും ആഘോഷിച്ചത് അന്യം നിന്നു പൊയ്ക്കൊണ്ടിരിക്കുന്ന മലയാള തനിമയുള്ള നമ്മുടെ മാതൃഭാഷ തിരിച്ചു പിടിക്കാനാണ്. അതിന് ദിനാചരണങ്ങളും, സെമിനാറുകളും ചർച്ചകളും മാത്രം പോര, അതിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുകയാണ് നാം ആദ്യം ചെയ്യേണ്ടത്. എന്നാൽ മാത്രമേ മലയാള തനിമയുള്ള ഒരു ഭാഷാ രീതി നമുക്കു കൈവരിക്കാൻ സാധിക്കുകയുള്ളൂ. അവശ്യം വേണ്ടിടത്ത് നാം മലയാളം മാത്രമേ സംസാരിക്കാൻ പാടുള്ളൂ.

മഹാകവി വള്ളത്തോളിന്റെ ഈ വരികൾ നമ്മുടെ മനസ്സിൽ നിന്നും മായാതിരിക്കട്ടെ.



"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചെംചുണ്ടിൽ അമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നിതൊന്നാമതായ് "

**എൽസി ബീന**

**മലയാളം അധ്യാപിക**

# അമ്മയ്ക്കായി .....

നിമ്മി തോമസ്

എനിക്കായി സർവം ത്യജിക്കുമെ-
ന്നമ്മതൻ പൊന്നുണ്ണിയാകാൻ
ഏറെ ശ്രമിച്ചീടുന്നെന്നാലും
സഫലമാകുന്നില്ലാ സ്വപ്നം !

ഓരോ ദിനവും കാണുന്നെന്നമ്മതൻ
കണ്ണീരൊഴുകുന്നൊരാനനം ഞാൻ
ഞാൻ കാണുംമുമ്പെന്നെ കേട്ടൊരമ്മ
എങ്കിലുമെന്നമ്മയ്ക്ക്, പൊന്നമ്മ-
യ്ക്കൊരുമ്മ കൊടുക്കാനാവാതെ ഞാൻ

എനിക്കെല്ലാമെല്ലാമാം എന്നമ്മയ്ക്ക്
നിനയ്ക്കാത്ത നേരത്തൊരുമ്മ-
കൊടുത്തപ്പോൾ കണ്ടു ഞാൻ പുഞ്ചിരി
അമ്മതൻ ചുണ്ടിൽ, വേനലിൻ കുളിർമഴപോൽ !

# അക്ഷര ശോഭയുടെ 100 വർഷങ്ങൾ

വിജയത്തിന്റെയും , നേട്ടങ്ങളുടെയും പാതയൊരുക്കി, ആത്മവിശ്വാസത്തോടും, ലക്ഷ്യബോധത്തോടും കൂടി അവിശ്രമം പരിശ്രമിച്ച്, യാതനകളെയും, വെല്ലുവിളികളെയും നേരിട്ട്, ത്യാഗത്തിന്റെ ഇതിഹാസം സൃഷ്ടിച്ചു കൊണ്ട് ചാത്യാത്ത് എൽ. എം. സി. സി കോൺവെന്റും, സ്കൂളും , മറ്റ് അനുബന്ധ സ്ഥാപനങ്ങളും ശതാബ്ദി ആഘോഷിക്കുമ്പോൾ, പിന്നിട്ട കാലഘട്ടങ്ങൾക്ക് തിളക്കവും വെളിച്ചവുമേകിയ ഒരു ശക്തിയുണ്ട് ! CTC സന്യാസി സമൂഹം.



അക്ഷരജ്ഞാനത്തിന് ജീവിത സ്മരണയിൽ അനിഷേധ്യമായ സ്ഥാനമുണ്ട്. കാരണം അതേറ്റു വാങ്ങുന്നവന്റെ കൈകളിൽ മാർഗ്ഗദീപമാണ് . 100 വർഷങ്ങൾക്കു മുമ്പേ തന്നെ , സമൂഹത്തിന്റെ സമഗ്രമായ പുരോഗതിക്ക് വിദ്യാഭ്യാസം അനുപേക്ഷണീയമാണെന്ന് തെരേസ്യൻ കർമ്മലീത്താ സന്യാസിനികൾ മനസ്സിലാക്കുകയും അത് പ്രായോഗീക തലത്തിലാക്കുകയും ചെയ്തു.

തെരേസ്യൻ കർമ്മലീത്താ സഭാ 1866 ഫെബ്രുവരി 13 ന് കൂനമ്മാവിൽ സ്ഥാപിതമായി. എങ്കിലും ചില പ്രതികൂല സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം അവർക്ക് അവിടെ തുടരാനാകാതെ, സ്വന്തം ഭവനം വിട്ടിറങ്ങേണ്ടി വന്നു. അന്നത്തെ വരാപ്പുഴ അതിരൂപത മെത്രാപ്പൊലീത്ത ഇവർക്ക് വരാപ്പുഴയിൽ അഭയം നൽകി. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും , സ്ത്രീകൾക്കും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ആ കാലഘട്ടത്തിൽ സങ്കുചിതമായ ഈ മനോഭാവത്തിനെതിരായി പെൺകുട്ടികൾക്കു വേണ്ടി ഒരു വിദ്യാലയം സ്ഥാപിക്കുകയാണ് ഇവർ ആദ്യം ചെയ്തത്. വരാപ്പുഴയിൽ

അംഗങ്ങൾ വർദ്ധിച്ചതോടെ പുതിയ മേച്ചിൽപ്പുറം തേടി അവർ എറണാകുളം പട്ടണത്തിന്റെ വടക്കേ പ്രാന്തപ്രദേശമായ ചാത്യാത്ത് എത്തിച്ചേർന്നു.

സാമ്പത്തിക ഭദ്രതയോ, മറ്റൊന്നുമില്ലാതിരുന്ന സാഹചര്യമായിരുന്നിട്ടും കർമ്മലീത്ത മിഷണറിമാർ ആദ്യമായി



ദൈവാലയം സ്ഥാപിച്ച ചാത്യാത്ത് കർമ്മലനാഥയുടെ നാമധേയത്തിൽ 1920 മെയ്യ് 31 ന് രണ്ടാമത്തെ സന്യാസിനി ഭവനത്തിൽ പ്രഥമ സുപ്പീരിയർ സിസ്റ്റർ കാതറിൻ, സിസ്റ്റർ ലൂദിഗാർഡ്, സിസ്റ്റർ യോഹന്ന, സിസ്റ്റർ സിസിലിയ എന്നിവർ ഉൾപ്പെട്ട നാലംഗ സഹോദരിമാർ പ്രവർത്തനമാരംഭിച്ചു. പെൺ കുട്ടികളെ പള്ളിക്കൂടത്തിൽ അയക്കുന്ന പതിവ്, ക്രൈസ്തവ കുടുംബങ്ങളിൽ നിലവിലില്ലാതിരുന്ന അവിടെ ഒരു പെൺപള്ളിക്കൂടത്തിന് അടിസ്ഥാനമിട്ടു.

ഒരു നാടിന്റെ സാംസ്കാരിക പുരോഗതിയുടെ അളവുകോലായി പരിഗണിക്കപ്പെടുന്നത് അവിടത്തെ വിദ്യാഭ്യാസപരമായ വളർച്ചയാണ് എന്നു കണ്ട് ഉണർന്നു പ്രവർത്തിക്കാൻ കർമ്മലീത്ത സന്യാസിമാരെ പ്രേരിപ്പിച്ചു. ഏറെ താമസിയാതെ ഏഴു ദിവസങ്ങൾക്കുള്ളിൽ 1920 ജൂൺ 7 ന് സഭയുടെ പ്രഥമ ഇംഗ്ലീഷ് മാധ്യമത്തിലുള്ള പ്രൈമറി സ്കൂൾ CHATHIATH LMCC ENGLISH MEDIUM LP SCHOOL ഇവിടെ തുടക്കം കുറിച്ചു. അറിവിന്റെ ശുഭ്ര വെളിച്ചം സമസ്ത മേഖലകളിലേക്കും പ്രസരിക്കണമെന്ന നിർ ബന്ധബുദ്ധിയോടെയായിരുന്നു ഈ തുടക്കം.

CTC സഭാ ജനറൽ ആയിരുന്ന മദർ ജത്രൂദിന്റെയും വരാപ്പുഴ മെത്രാപ്പൊലീത്ത ഏയ്ഞ്ചൽ മേരി OCD യുടെ അനുമതിയും അനുഗ്രഹാശീർ

വാദങ്ങൾ സ്കൂൾ ആവിർഭാവത്തിനും, പ്രവർത്തനങ്ങൾക്കുമുണ്ടായിരുന്നു. അവശവിഭാഗത്തിൽപെട്ടവർക്കും , സ്ത്രീകൾക്കും ഇവിടെ പ്രവേശനം നൽകി. അങ്ങനെ എട്ടു ഡിവിഷനുകളിലായി 232 വിദ്യാർത്ഥികളും 8 അധ്യാപക-അനധ്യാപകരോടുകൂടി തുടക്കം കുറിച്ച ഈ എളിയ സംരംഭം വലിയ ലക്ഷ്യ പ്രാപ്തിയിലേക്കുള്ള പ്രയാണമാണെന്നും, ഇതൊരു നവയുഗത്തിന്റെ തുടക്കമാണെന്നും, നല്ല ഒരു സാമൂഹിക വളർച്ചയുടെ കേളി കൊട്ടാണെന്നും അന്നാരും കരുതിയിരിക്കില്ല.

ഏതു ലക്ഷ്യത്തോടുകൂടിയാണോ അന്നത്തെ ലോക്കൽ മാനേജരടക്കമുള്ളവരും , പ്രധാനാധ്യാപകൻ ശ്രീ E.J.ആന്റണിയും ഈ കോൺവെന്റിന്റേയും , സ്കൂളിന്റേയും പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയത്, ആ ലക്ഷ്യങ്ങൾ കടന്ന് ചിന്തകൾക്കതീതമായി ഈ സരസ്വതിക്ഷേത്രം വളർന്ന് ഈ ശതാബ്ദിയിൽ ഈ സംസ്ഥാനത്തെ ഒന്നാംകിട വിദ്യാലയങ്ങളിൽ ഒന്നായി മാറിയിരിക്കയാണ്.

1922 മെയ്യ് 30 ന് ഇതൊരു യു.പി. സ്കൂൾ ആയി ഉയർത്തി. 1927 ജൂണിൽ 8 -ാം ക്ലാസ്സും, 1929 ൽ ഒരു പൂർണ്ണ ഹൈസ്കൂളും ആയി ഉയർന്നു. ഇപ്പോൾ LKG, UKG , HIGHER SECONDARY വിഭാഗവും പ്രവർത്തിച്ചു വരുന്നു. തുടക്കത്തിൽ GIRLS SCHOOL ആയിരുന്നുവെങ്കിലും കാലാന്തരത്തിൽ ആൺ കുട്ടികൾക്കും HIGH SCHOOL വിഭാഗത്തിൽ പ്രവേശനം നൽകി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പ്രസക്തിയേറി വന്നപ്പോൾ മലയാളം മീഡിയത്തിനു സമാന്തരമായി 1993-94 കാലയളവിൽ ഇംഗ്ലീഷ് മീഡിയവും ആരംഭിച്ചു. ഒരു മികച്ച വിദ്യാലയമായി മാറിയിരിക്കുന്നു എന്നത് അഭിമാനാർഹമായ ഒരു നേട്ടമാണ്.

സാമൂഹികവും വിദ്യാഭ്യാസപരമായും വളരെ പിൻനിരയിലായിരുന്ന ഒരു പ്രദേശത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയാണ് ഈ സ്കൂളിന്റെ ആവിർഭാവത്തോടെ നൂറു വർഷങ്ങൾക്കിടയിൽ സാദ്ധ്യമായത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സമൂഹ മനഃസാക്ഷിക്കു മുന്നിൽ ഉയർത്തി കാട്ടിയതു വഴി സമത്വാധിഷ്ഠിതമായ നീതിയുടെ പൈതൃകമാണ് നമുക്കു കൈവന്നത്. പല തലമുറകളിലെ അനേകം വ്യക്തികൾ ഇവിടെ നിന്ന് അറിവിന്റെ ബാലപാഠങ്ങൾ പകർന്നു കൊടുത്ത് അക്ഷരവെളിച്ചത്തിന്റെ ലോകത്തേക്ക് കൈപിടിച്ചുയർന്നു.

നീതിന്യായരംഗത്തെ പ്രഗല്ഭരായ ജസ്റ്റിസ് ഹേമ, വിദ്യാഭ്യാസരംഗത്തെ പ്രതിഭ , St.Tereasa's college Principal Sr. Cristabell CST, ആതുര ശുശ്രൂഷ രംഗത്ത് നിസ്തുല സേവനമനുഷ്ഠിക്കുന്ന തൃശിനാപ്പിള്ളി Child Jesus Hospital Adminstrative വിഭാഗം മേധാവിയും, കോൺവെന്റ് സുപ്പീരിയറുമായ Sr. Mary Celine Joseph FMM, Cochin Port Trust Deputy Chief Mechanical Engineer ആയിരുന്ന Cleetus Konnully, മാമല കെല്ലിന്റെ പ്രഥമ മാനേജറും, തിരുവനന്തപുരം മെട്രോപ്പോളിറ്റൻ ഇൻഡസ്ട്രീസിന്റെ ജനറൽ മാനേജറും, ഒമാനിൻ ഡ്യൂൺസ് International projects LTD company Electro Mechanical General Manager ഉം ആയിരുന്ന യൂജിൻ ജോർജ്ജ് കോന്നുള്ളി, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ, സാഹിത്യ പ്രവർത്തകർ , സന്യാസഭാ സാരഥികൾ, പ്രൊഫസർമാർ, എൻജിനീയർമാർ , ഡോക്ടർമാർ, ഗവേഷകർ, അഭിഭാഷകർ, അധ്യാപകർ തുടങ്ങി നിരവധി പേർ ഇവിടെ കൊളുത്തിയ അക്ഷരദീപത്തിൽ നിന്നും വെളിച്ചം സ്വാംശീകരിച്ചവരാണ്.

സാമ്പത്തികമായി അവശതയനുഭവിക്കുന്ന കുട്ടികളാണ് പ്രാരംഭകാലം മുതൽ ഇന്നോളം ഇവിടെ അദ്ധ്യയനം നടത്തിയവരിൽ ഭൂരിഭാഗം പേരും.

ഇവർക്ക് കഴിവിനനുസൃതമായി പലവിധത്തിലും സ്കൂൾ കോൺവെന്റ് അധികാരികളും PTA പ്രവർത്തകരും സഹായസഹകരണങ്ങൾ നൽകി വരുന്നു. എത്രകാലം ജീവിച്ചു എന്നതിനേക്കാൾ പ്രധാനം, പ്രതികൂല സാഹചര്യങ്ങളെ ഏങ്ങനെ അതിജീവിച്ചു എന്നതാണ്. അങ്ങനെ നോക്കുമ്പോൾ LMC CONVENT SCHOOL കാലത്തിന്റെ ചരിത്രഗതിയിൽ വളർച്ചയുടെ നിർണായക സ്വാധീനം ചെലുത്തി, മറക്കാനാവാത്ത ഓർമ്മകുറിപ്പായി നിരവധി വിഭാഗം ആളുകളുടെ താങ്ങും തണലുമായി ഉയർന്നു കഴിഞ്ഞു.

അദ്ധ്യയനരംഗത്ത് ജില്ലയിലെ മറ്റു വൻകിട സ്കൂളുകളോടൊപ്പം കിടപിടിച്ചു നിൽക്കുന്ന ഈ വിദ്യാലയം പാഠ്യവിഷയങ്ങൾക്കു പുറമേ പാഠ്യേതര പ്രവർത്തനങ്ങളിലും, കായികരംഗത്തും തിളക്കമാർന്ന വിജയമാണ് കൈവരിച്ചിട്ടുള്ളത്. ശിഷ്യഗണത്തിന്റെ ആദ്ധ്യാത്മികവും, ബുദ്ധിപരവും, ശാരീരികവുമായ വളർച്ചയിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നവരാണ് പ്രധാനാധ്യാപികയുടെ നേതൃത്വത്തിലുള്ള ഓരോ അധ്യാപകരും. പഠനത്തിൽ പിന്നോക്കം പോകുന്ന കുട്ടികളെ രാവിലെയും , വൈകിട്ടും അധിക സമയ പരിശീലനം നൽകി മുഖ്യധാരയിലേക്ക് വഴിനടത്താൻ സഹായിക്കുന്നു.

അദ്ധ്യാപനം തൊഴിലായി മാത്രം കാണുന്ന അധ്യാപകരല്ല ഈ ഗുരുകുലത്തിൽ ഉള്ളത്. കലാ-കായിക സാംസ്കാരിക മേഖലകളിൽ പല പ്രതിഭകളേയും വാർത്തെടുക്കാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞത് അവരുടെ അധ്യാപനത്തോടുള്ള പ്രതിബദ്ധതയും, വിദ്യാർത്ഥികളോടും, വിദ്യാലയത്തോടുമുള്ള ഉത്തരവാദിത്വവും വെളിപ്പെടുത്തുന്നു. ജില്ലാ സംസ്ഥാന പ്രവൃത്തി പരിചയ മേളകളിൽ വർഷങ്ങളായി നിരവധി സമ്മാനങ്ങൾ നേടിക്കൊണ്ടിരിക്കുന്നു.

വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് ബുൾബുൾസ്, കബ്സ്, RED CROSS, KCSL, SPC, വിദ്യാരംഗം കലാ സാഹിത്യവേദി, ഓരോ വിഷയത്തിനും ക്ലബുകൾ, BAND മുതലായവ പ്രവർത്തിച്ച് പ്രോത്സാഹനം നൽകി വരുന്നു. വിവിധ സാമൂഹിക സേവനപരിപാടികൾ നടപ്പിലാക്കി ശ്രദ്ധ പിടിച്ചു പറ്റാൻ കഴിഞ്ഞ SCHOOL GUIDES സംസ്ഥാന തലത്തിൽ തന്നെ മികച്ച യുണിറ്റായി അംഗീകാരം നേടിയിട്ടുള്ളതാണ്. ഇവരിൽ രാഷ്ട്രപതി അവാർഡ് ജേതാക്കളുടെ തിളക്കവുമുണ്ട്.

SSLC പരീക്ഷയിൽ 98 ശതമാനത്തിൽ കുറയാതെയുള്ള വിജയം വർഷങ്ങളായി നിലനിർത്തിപ്പോരുന്ന വിദ്യാലയം ശതാബ്ദി വർഷത്തിൽ 100% വരെ ഉയർത്തിയിരിക്കുന്നു എന്നതു ശ്ലാഘനീയമാണ്.



ഇപ്പോൾ ശതാബ്ദി പ്രഭയേറ്റു നിൽക്കുന്ന ഈ വിദ്യാലയത്തിൽ Sr.Aleena CTC പ്രധാനാധ്യാപികയായി പ്രവർത്തിക്കുന്ന LP School

വിഭാഗത്തിൽ ---- ഡിവിഷനുകളിലായി ------വിദ്യാർത്ഥികളും ----- അധ്യാപകരും ഉണ്ട്. HS വിഭാഗത്തിൽ 25 ഡിവിഷനുകളിലായി 978 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. സിസ്റ്റർ മാർഗ്രറ്റ് കെ . എക്സ് പ്രധാനാധ്യാപികയും , 30 അധ്യാപികമാരും, 5 അനധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

തെരേസ്യൻ കർമ്മലീത്ത സന്യാസിനി സമൂഹത്തിന്റെ കീഴിൽ വരാപ്പുഴ അതിരൂപതയിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിന്റെ ജനറൽ മാനേജർ സഭയുടെ സുപീരിയർ ജനറൽ ആയ സിസ്റ്റർ റിൻസി ആണ്. ലോക്കൽ മാനേജർ സിസ്റ്റർ മരിയ ട്രീസയും . 2001 മുതൽ HIGHER SECONDARY വിഭാഗവും പ്രവർത്തനമാരംഭിച്ചു. Principal Sr. Melveena യുടെ നേതൃത്വത്തിൽ Science , Commerce വിഷയങ്ങളിൽ , ഓരോ ബാച്ചിലും 50 വിദ്യാർത്ഥികൾ ഉണ്ട്. Hostel , Boarding സൗകര്യവും ലഭ്യമാക്കി പോരുന്നു.

100 വയസ്സ് തികഞ്ഞ ഈ അക്ഷരമുത്തശ്ശി താലോലിച്ച് വളർത്തി ഉന്നതിയിലെത്തിച്ച നിരവധി പ്രഗല്ഭരുണ്ട് . വരാപ്പുഴ അതിരൂപതയുടെ സാരഥികളും, ആർച്ച് ബിഷപ്പുമാർ ,മുൻ മാനേജർമാർ, പ്രധാനാധ്യാപകരായി പ്രവർത്തിച്ച

1. E.J. ANTONY
2. S.LAKSHMANA AYAR
3. Sr. DOROTHY
4. Sr.EARNESTA
5. Sr.EVLIN
6. Sr.AMBROSIA
7. Sr.FRANCINA

8. Sr.KUSUMAM
9. Sr.DORA
10. Sr.CHRISTEENA
11. Sr.RINCY

ഈ വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന Sr.MARGRET K.X തുടങ്ങിയവരെ നന്ദിയോടെ സ്മരിക്കേണ്ട ദിവസമാണ് ഈ ശതാബ്ദി ആഘോഷ വേള.

വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ പിതാവും , ഡോ.ജോസഫ് കാരിക്കശ്ശേരി ഫ്രാൻസിസ് പിതാവും 100 വയസ്സിലെത്തിയ ഈ വിദ്യാലയ മുത്തശ്ശിയോട് ഏറെ താത്പര്യവും, വാത്സല്യവുമാണ് പ്രദർശിപ്പിക്കുന്നത്.

അനുദിനം പുരോഗതിയിലേക്കു പൊയ്ക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കു നാം ദൈവദാസി ഏലീശ്വാമ്മയിൽ സ്ഥാപിതമായ സഭയോടു കടപ്പെട്ടിരിക്കുന്നു. കത്തോലിക്ക സഭാമാതാവ് , ദൈവദാസി മദർ ഏലീശ്വാമ്മയെ വണങ്ങുന്നതിനുള്ള അനുഗ്രഹം അനതിവിദൂരമായ ഭാവിയിൽ നമുക്കു നൽകട്ടെ, ഒപ്പം ദൈവാനുഗ്രഹത്തിന്റെ അനന്തപരിപാലനയിൽ പ്രവൃത്തിക്കുന്ന നമ്മുടെ വിദ്യാലയം നൂറ്റാണ്ടു പിന്നിടുമ്പോൾ 'THE BEST GOOD SCHOOL ' ആയി പരിണമിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## പിന്നിട്ട വഴികളിലൂടെ.....

നൂറു വർഷങ്ങൾ! ഒരു ജനതയുടെ ആത്മാവിലേക്ക് അറിവിന്റെ വെളിച്ചവും, സംസ്കാരത്തിന്റെ സൗരഭ്യവും വാരിവിതറി ശതാബ്ദിയുടെ നിറവിനായി നാം നടത്തിയ ആഘോഷങ്ങൾക്ക് ഒരു തൊട്ടുകുറിയായി ഒരു സ്മരണിക രചിക്കപ്പെടുകയാണ്. ഓരോ മനസ്സിലേയും വ്യത്യസ്ത സ്പന്ദനം ഉൾക്കൊണ്ട് , ഭാവനയാൽ ജന്മമെടുത്ത ഇതിലെ ഓരോ രചനയും നമുക്കു പ്രത്യാശ നൽകുന്നവയാണ്.

1920–2020 കാലയളവിൽ സേവന സംരംഭങ്ങളിലൂടെ ജീവിതവിജയം ലക്ഷ്യമാക്കി പ്രവർത്തിച്ച നമ്മുടെ വിദ്യാലയത്തിന്റെ ചാലക ശക്തികളായിരുന്ന കർമ്മലീത്ത തെരേസ്യൻ കോൺഗ്രിഗേഷൻ ജനറൽ മാനേജ്മെന്റ് ഇവിടെ പ്രവർത്തിച്ചിരുന്ന ലോക്കൽ സുപ്പീരിയർമാർ , പ്രധാനാധ്യാപികമാർ  പഠിച്ചും പഠിപ്പിച്ചും കടന്നു പോയ അധ്യാപക – അനധ്യാപകർ വിദ്യാർത്ഥികൾ ആത്മീയ ഉപദേഷ്ടാക്കളായ വൈദീകർ, രക്ഷാകർത്താക്കൾ തുടങ്ങിയവർ.  അവർ പകർന്നു നൽകിയ ചൈതന്യം നാളിതുവരെ അനുസ്യൂതം വളർത്തി പരിപോഷിപ്പിച്ച് വർത്തമാനകാലത്തിൽ അതിന്റെ പുണ്യവേളകളിൽ സംവദിക്കാൻ ഭാഗ്യം ലഭിച്ചവരാണ് നമ്മൾ.

ഏതൊരു പദ്ധതിയുടെയും വിജയം അതു വിഭാവനം ചെയ്യുന്നവരുടെയും അതിനു നേതൃത്വം നൽകുന്നവരുടെയും അതു നടപ്പിലാക്കുന്നവരുടെയും സമർപ്പണ മനോഭാവത്തെ ആശ്രയിച്ചാണ്. ശതാബ്ദി ആഘോഷങ്ങളുടെ നിറവിലൂടെ കടന്നുപോകുന്ന നമ്മളും ഈ മഹത്തായ ചങ്ങലയുടെ കണ്ണികളായി പരിണമിക്കുകയാണ്.

അഭിമാനിക്കാൻ വക നൽകുന്ന ഒട്ടേറെ ചരിത്രമുഹൂർത്തങ്ങൾ സൃഷ്ടിച്ച് മുന്നേറുന്ന നമ്മുടെ ഈ കൂട്ടായ്മയിൽ രക്ഷകർതൃ സംഘടനയും, രാഷ്ട്രീയ നേതൃത്വവും സംഗമിക്കുന്ന ശതാബ്ദിയുടെ ദിവ്യ പ്രഭയിൽ, പുതു തലമുറയുടെ നവ സൃഷ്ടിക്കായി നമുക്ക് അണിചേരാം.

പരിജ്ഞാനത്തിന്റെ, സേവനത്തിന്റെ, വിശ്വാസത്തിന്റെ വഴികളിലൂടെ നൂറു വർഷങ്ങൾ സഞ്ചരിച്ചതിന്റെ പ്രൗഢമായ, ധന്യമായ സുദിനങ്ങൾ. ആ ധന്യ മുഹൂർത്തങ്ങളിൽ കാലത്തിന് മായ്ക്കാനും, മറക്കാനും കഴിയാത്ത സംഭവ ബഹുലമായ സ്മരണകൾ അയവിറക്കിക്കൊണ്ടും, വന്ദ്യപൂർവ്വികരുടെ സ്മരണയ്ക്കു മുന്നിൽ നമോവാകം അർപ്പിച്ചുകൊണ്ടും ഈ കെടാവിളക്ക് സഹൃദയസമക്ഷം സമർപ്പിക്കട്ടെ.

പത്തു ദശാബ്ദങ്ങളോളം ഈ അമ്മ നൽകിയ അറിവിനാൽ ധന്യരായി, ജീവിതത്തിന്റെ നാനാ തുറകളിൽ പ്രവർത്തിക്കുന്ന എത്രയേ പ്രഗല്ഭരാണ് നമ്മുക്കുള്ളത്. ഇനിയും അനേകം പ്രതിഭകൾക്കു ജന്മം നൽകാൻ ഈ ജ്ഞാനദേവതയ്ക്കു കഴിയട്ടെ എന്നു നമുക്കു പ്രത്യാശിക്കാം. നമുക്ക് ആത്മവിശ്വാസത്തോടെ മുന്നേറാം. ....... വിശിഷ്ടമായ ഓർമ്മകൾ സ്വന്തമാക്കാം......

ഇതിനു പിന്നിൽ പ്രയത്നിച്ച എല്ലാവർക്കും അനുമോദനങ്ങൾ അർ പ്പിക്കുന്നതോടൊപ്പം ഈ സ്മരണിക ശതാബ്ദിയുടെ നിത്യസ്മാരകമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജോയിന്റ് കൺവീനർ
ശ്രീമതി എൽസി ബീന
അധ്യാപക പ്രതിനിധി

## യാത്രാമൊഴി......

നിമ്മിതോമസ്

പോയി തിരിച്ചുവരുക യെന്നിനി
നിന്നോടു ചൊൽവതിനാവുമോ. എനിക്ക്
വർഷവും ശിശിരവും ഹേമന്തവും ഇനി
എപ്പോഴും മാറിമാറി വന്നാലും
നിൻ യാത്രയിലേക്കെത്തുവാൻ
ഇനിയെത്രനാൾ ഞാൻ കാത്തിരിക്കണം....?
പൊയ്പ്പോയ കാലത്തിൻ മലരും മണവും
ഏകുവാനായി ഒരുനാൾ നീ വരു-
മെന്നു പ്രതീക്ഷിച്ചിരിക്കുവാനും ഇനി വയ്യ
നാമൊരു മരച്ചോട്ടിൽ കളിച്ചുല്ലസിച്ചവരല്ല
നാമൊരുനാട്ടിൽ പിറന്നവരല്ല, എങ്കിലും
ഇനിയെനിക്കാവുമോ, നിന്നുടെ ആ-
ചെറുമന്ദഹാസമൂറും മുഖം കാണുവാൻ
യാത്രികനു തന്നുടെ പാത നിശ്ചയമല്ല
അതു നിശ്ചയിക്കുന്നവനോ
പാതതൻ കല്ലോ മുള്ളോ പ്രശ്നവുമല്ല
ആരറിയുന്നു അവന്റെ ഉൾപൊരുൾ തേട്ടലുകൾ

ആരു ഗ്രഹിക്കുന്നു, അവന്റെ ചിന്തകൾ.....
ഒരുനാൾ വരുമെന്നതു ഞാനോർത്തു
പിന്നീടൊരുനാൾ വരുമെന്നതു വിശ്വസിച്ച
എന്നുടെ മുന്നിൽ വന്നതോ
നിന്നുടെ ചേതനയറ്റ ശരീരം
നിന്നുടെ യാത്രയ്ക്കു സഹയാത്രിയായ്
കൂടെ വരേണ്ടയോ, ഞാൻ?
അറിയില്ല, എനിക്കറിയില്ലെങ്കിലും
ചുടുകണ്ണീരോടെ, ഏകുന്നു നാഥാ
നിനക്കെന്റെ യാത്രാമൊഴികൾ.........

---

# അധ്യാപക കദനം –തുള്ളൽ

ഏറെ മഹത്തരമാർന്നൊരു ജോലിയി-
തധ്യാപനമെന്നോർത്തിട്ടാണേ
സ്കൂളിൽ കേറിയതെന്നാലയ്യോ
മാഷമ്മാരുടെ ഗതിയതി കഷ്ടം
സ്വാതന്ത്ര്യത്തിൻ കൊട്ടമുടി കേറിയ
രാജാക്കന്മാരാണേ കുട്ടികൾ
അടിയും വേണ്ട വടിയും വേണ്ട
മനസ്സിൽ പീഡന മൊട്ടും വേണ്ട
എന്തും പറയാം ചോദ്യം ചെയ്യാം
ചങ്ങാതികളായ് തോളിൽ കേറാം
കുന്തമതൊന്നു വിഴുങ്ങിയ പോലെ
അന്തം വിട്ടൊരു നില്പതു നില്ക്കാം
ക്ലാസ്സു നടക്കും നേരം നന്നായ്
കൂർക്കമതൊന്നു വലിച്ചാൽ പോലും
മിണ്ടരുതാരും മിണ്ടിപോയാൽ
കുണ്ടാമണ്ടികൾ പലവിധമാണേ
നേരം വൈകി വരുന്നോരെ
നാം നേരേ വീട്ടിൽ വിട്ടെന്നാലോ
ചോദ്യം ചെയ്യാൻ നാട്ടാരെത്തും
പാവം മാഷിനു കുറ്റമാകും
ക്ലാസ്സിലെ വേലകൾ തീർത്തു കഴിഞ്ഞീ
സ്റ്റാഫ് റൂമിൽ നാം പോയെന്നാലോ
ശ്വാസമതൊന്നു വിട്ടും മുൻപെത്തീ
ഓഫീസ് ജോലികൾ പലവിധമയ്യോ
സമ്പൂർണ്ണയിലെ തെറ്റതിരുത്തു
ശ്രദ്ധയ്ക്കിന്നൊരു ക്ലാസ്സതു വേണം
ഗ്രേഡ് തിരിച്ചൊരു ലിസ്റ്റുണ്ടാക്കു
ബി ആർ സി യിലേക്കെത്തിക്കണം

എൻ.എൻ.എം.എസ്
ക്ലാസ്സതെടുക്കാൻ
കണ്ടെത്തേണം, ടീച്ചറെ വേഗം
മലയാളത്തെയൊന്നു തിളക്കാൻ
മലയാളത്തിൻ ടീച്ചർ വേണം
മൈനോറിറ്റി സ്കോളർഷിപ്പും
ഒ.ബി.സി.ക്കൊരു പ്രീമെട്രിക്കും
ഓൺലൈൻ വേഗം ചെയ്തില്ലെങ്കിൽ
കാര്യം പൊല്ലാപ്പാകും കഷ്ടം
വിദ്യാരംഗം മാസിക വേഗം
ഉണ്ടാക്കേണം നാളത്തേക്കായ്
ഉച്ചക്കഞ്ഞിക്കുള്ളൊരു പട്ടിക
മെച്ചത്തിൽ താൻ എഴുതീടേണം
ഫീസു പിരിച്ച രസീതുകളൊക്കെ
ഓഫീസിൽ പോയി കാണിക്കേണം
കായികമേളകലാമേളയ്ക്കും
കുട്ടികളെ കണ്ടെത്തണമല്ലോ
ലിസ്റ്റുകളെ ത്താൻ വൈകി പോയാൽ
കൺവീനർമാർ കണ്ണുരുട്ടും
ഓരോ ദിനവും അടിപൊളിയായി
ട്ടാഘോഷിക്കണമതു നിർബന്ധം
മാസ്റ്റർ പ്ലാനുണ്ടാക്കാനും
മാസ്റ്റർമാര് പഠിക്കണമത്രേ
പത്താം ക്ലാസ്സിലിരിക്കുന്നോരുടെ
റെക്കോർഡുകളും ശരിയാക്കേണം
ശലഭോദ്യാനം തീർത്തീടാനും
മടികൂടാതെയിറങ്ങണമല്ലോ പ്രതിഭകളെ
കണ്ടെത്തി വണങ്ങാൻ
കുട്ടികളൊത്തു ഗമിച്ചേ തീരൂ
പലവിധ പണികൾ ചെയ്തെന്നാലും

പലവിധ ചൊല്ലുകളിങ്ങനെ
കേൾക്കാം മാഷമ്മാർക്കൊരു
വാങ്ങിയിരുന്നാൽ പോരേ?
ഇനിയൊരു ജന്മമുണ്ടെന്നാകിൽ
പലവിധ പണികൾ ചെയ്യാമെന്നാൽ
അരുതിനി മാഷായ് വേഷം
കെട്ടാൻ അടി തൊഴുതീടാം
ഭഗവാനേ ഞാൻ
തുള്ളൽ കഥയിൽ പലതും ചൊല്ലും
അതു കേട്ടാരും കോപിക്കരുതേ
കദനം ചൊല്ലാൻ വഴിയില്ലാഞ്ഞീ
പണിയെന്നോർത്തു പൊറുത്തീടണമേ
ശോകത്തിൽ നിന്നല്ലോ ശ്ലോകം
ആഗതമാവുകയെന്നൊരു സത്യം
ആദിമ കവിയും ചൊന്നെന്നോർത്തി-
ട്ടിയിവളോടു ക്ഷമിച്ചീടണമേ.

ബിന്ദു ടീച്ചർ
പൂർവ്വാധ്യാപിക

| ചിന്താവിഷയം |
|---|
| 1 ഭൗതികവസ്തുക്കളുടെ സമൃദ്ധിയി നിന്നല്ല സമ്പന്നതയുണ്ടാകുന്നത്, സംതൃപ്തമായ ഹൃദയത്തിൽ നിന്നാണ്. (മുഹമ്മദ് നബി)<br>2 അവനവനിൽത്തന്നെ വിശ്വാസമുറയ്ക്കാതെ ഒരുവന് ദൈവത്തിൽ വിശ്വസിക്കാനാവില്ല. (സ്വാമി വിവേകാനന്ദൻ)<br>3 നമ്മൾ ഇന്ത്യക്കാരാണ്, ആദ്യമായും ആത്യന്തികമായും (ഡോ.ബി.ആർ.അംബേദ്കർ)<br>4 മനുഷ്യൻ കുടുംബത്തിലും സമൂഹത്തിലും ചിരിക്കാൻ മറക്കുന്നതുകൊണ്ടാണ് ദുഃഖദുരിതങ്ങൾ ഉണ്ടാകുന്നത് (വി.മദർ തെരേസ)<br>5 അറിഞ്ഞത് പ്രവർത്തിക്കുന്നവരാണ് ജ്ഞാനികൾ (മുഹമ്മദ് നബി)<br>6 ഇച്ഛാശക്തി എല്ലാറ്റിലും ശക്തമാണ് . അതിനു മുന്നിൽ സകലതും നിർവീര്യമാകും. (സ്വാമി വിവേകാനന്ദൻ)<br>7.ആയിരം പ്രാവശ്യം കാലിടറുമ്പോഴാണ് സ്വഭാവം രൂപപ്പെടുന്നത്. (സ്വാമി വിവേകാനന്ദൻ) |

**8.ഭാരതത്തിന്റെ അടിസ്ഥാനം വൈവിധ്യത്തിലുള്ള ഏകത്വമാണ്. ആയതിലേക്ക് മഹാനായ അശോകൻ ചൂണ്ടിക്കാണിച്ചതുപോലെ, പരസ്പരധാരണയും ബഹുമാനവും സഹിഷ്ണുതയും പുലർത്തേണ്ടത് ആവശ്യമാണ്. (ജവഹർലാൽ നെഹ്റു)**

**9.ഞാനൊരു ഉപദേശിയല്ല. നമുക്ക് ശരി എന്ന് തോന്നുന്നത് ചെയ്യുക അതാണ് പ്രധാനം.(ഇറോം ശർമിള)**

**10.വിശ്വസ്തതയില്ലാത്തവന് വിശ്വാസമില്ല. (മുഹമ്മദ് നബി)**

കഥ

# ജംബോലാമന്റെ പായസം

പുട്ടോലപുരി അതിപ്രശസ്തനായ പാചക വിദഗ്ധനാണ് ജംബോലാമൻ. പാചകശാലയിൽ വച്ച് ജംബോലാമന്റെ അത്ഭുത പായസം കുടിച്ച ഒരു വൃദ്ധൻ ചെറുപ്പകാരനായി മാറുന്നു. അവിടെ നടന്ന കാര്യങ്ങൾ കമലു, രാജാവിനോട് പറയുന്നു. അത്ഭുത പായസവുമായി വരാൻ രാജാവ് കല്പിക്കുന്നു. ഭടന്മാർ ജംബോലാമനെ കൊട്ടാരത്തിലേക്ക് കൊണ്ടുവരുന്നു. ഇരുവരും ജംബോലാമനെയും കൊണ്ട് കൊട്ടാരത്തിലെത്തി. "പ്രഭോ അങ്ങയുടെ കല്പന പോലെ അദ്ഭുത പായസവും ജംബോലാമനും ഇതാ". രാജാവ് പറഞ്ഞു "ഹാ വളരെ നല്ലകാര്യം . എങ്കിൽ ഞാനിതാ ഈ പായസം കുടിക്കാൻ പോകുന്നു". "പ്രഭോ അങ്ങ് ഇത് കുടിക്കുന്നതിന് മുൻപ് ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ". മുഖ്യമന്ത്രി പറഞ്ഞു . രാജാവ് ചോദിച്ചു " എന്താണ് മുഖ്യമന്ത്രി?" മന്ത്രി പഞ്ഞു "അങ്ങ് ജംബോലാമനെ ശ്രദ്ധിച്ചോ പായസം ഉണ്ടാക്കിയെങ്കിലും അങ്ങേര് ഈ പായസം രുചിച്ച് കൂടി നോക്കിയിട്ടില്ലെന്ന് തോന്നുന്നു. ഒരു പരീക്ഷണത്തിന് മുതിരണോ രാജാവേ... " രാജാവ് ചിന്തയോടെ പറഞ്ഞു "അത് ശരിയാണല്ലോ!" രാജാവ് ജംബോലാമനോട് ചോദിച്ചു "എന്തുകൊണ്ടാണ് നിങ്ങൾ ഈ അത്ഭുതപായസം കുടിച്ച് ചെറുപ്പകാരനാകാൻ ശ്രമിക്കാത്തത്?" ജംബോലാമൻ ഉത്തരം നൽകി "ഇനിയും കുറെ നാൾ കൂടി ജീവിക്കേണ്ടി വരില്ലേ?" രാജാവ് ചിന്തിച്ചു. രാജാവ് തന്റെ അമിതമായ ആഗ്രഹം മാറ്റിവച്ചു.

# അടിയറ വയ്ക്കുന്ന വ്യക്തിത്വം

കടുവക്കുഞ്ഞ് ജനിച്ചപ്പോൾ തന്നെ അമ്മ വിടപറഞ്ഞു. പിന്നീട് ഒരു ആട്ടിൻപറ്റമാണ് അവനെ വളർത്തിയത്. ആ കൂട്ടത്തിൽ ചേർന്ന പുല്ല് മാത്രം തിന്ന് അവനും സസ്യഭുക്കായി. ഒരിക്കൽ ഒരു വയസ്സൻ കടുവ ആട്ടിൻപറ്റത്തെ കാണാനിടയായി. കൂട്ടതിലൊരു കടുവയെ കണ്ട് അത്ഭുതപ്പെട്ടു വയസ്സൻ കടുവ. അവനെ വാരിയെടുത്ത് ദൂരേക്ക് ഓടി. ചെന്നു നിന്നതു നദിക്കരയിൽ. നദിയിലെ വെള്ളത്തിന് അഭിമുഖമായി കുഞ്ഞു കടുവയെ നിർത്തി.

വെള്ളത്തിലെ പ്രതിബിംബത്തിൽ അന്നാദ്യമായി കടുവക്കുഞ്ഞ് സ്വന്തം രൂപം കണ്ടു. തന്റെ കണ്ണും മൂക്കും നഖവും എല്ലാം വ്യത്യസ്തമാണെന്ന തിരിച്ചറിവിൽ അന്നുമുതൽ അവൻ യഥാർഥ കടുവയെപ്പോലെ പെരുമാറാൻ തുടങ്ങി.

അകപ്പെട്ടുപോകുന്ന സൗഹൃദങ്ങൾക്കും സാഹചര്യങ്ങൾക്കും അപ്പുറത്തേക്ക് ആർക്കും വളരാനാകില്ല. ഒരാൾ എന്നും ജീവിക്കുന്ന സാഹചര്യങ്ങളാകും അയാളുടെ ശാരീരിക, മാനസിക പ്രതിരോധശേഷിയും മനോഭാവവും തീരുമാനിക്കുക. ഒരാളെ മനസ്സിലാക്കാൻ അയാളുടെ ഏറ്റവും അടുത്ത 5 സുഹൃത്തുക്കൾ ആരൊക്കെ എന്നു തിരിച്ചറിഞ്ഞാൽ മതി. ആ സൗഹൃദവലയത്തിന്റെ സ്വാധീനത്തിൻ നിന്നാകും അയാളുടെ കാഴ്ച്ചപ്പാടുകളും കർമബോധവും രൂപപ്പെടുക.

ചങ്ങാതിക്കൂട്ടത്തിന്റെ നിഷ്ഠകൾക്കും ശീലങ്ങൾക്കും അനുസരിച്ച് നിലനിൽക്കാത്തവരെല്ലാം പുറത്താക്കപ്പെടും. ആ ഭയമാണ് ആത്മബോധം പോലും പണയം വച്ച് തുടരുന്നതിനു

പ്രേരിപ്പിക്കുന്നത്. താനാരാണെന്നു തിരിച്ചറിയാൻ പോലും അനുവദിക്കാത്ത കൂട്ടുകെട്ടുകളിൽ വീണുപോകുന്നതു കൊണ്ടാണ് പല പറവകളും ഇഴഞ്ഞു നടക്കുന്നത്. അനർഹമായ സ്ഥലങ്ങളിൽ ആരാലും അറിയപ്പെടാതെ ജീവിക്കേണ്ടിവരുന്നു എന്നതാകും സ്വന്തം ജന്മത്തോടു കാണിക്കുന്ന ഏറ്റവും വലിയ അവഹേളനം.**അടിയറ വയ്ക്കുന്ന വ്യക്തിത്വം**

# ദാക്ഷായണി മാറ്റിയെഴുതിയ ചരിത്രം .



കേരളത്തിൽ ആദ്യമായി സ്ക്രൾ ഫൈനൽ പാസായ പട്ടികജാതി വനിത, പട്ടിക ജാതിക്കാരിലെ ആദ്യ ബിരുദധാരിണി തുടങ്ങി ഒട്ടേറെ ചരിത്രനേട്ടങ്ങൾ സ്വന്തമാക്കിയ കെ.കെ. ദാക്ഷായണി ആദ്യം അധ്യാപികയായി. പക്ഷേ, ആ പ്രതിഭയെ കാത്തിരുന്നത് രാഷ്ട്രീയരംഗമായിരുന്നു.

കൊച്ചി നിയമസമിതിയിലേക്ക് 1945 ൽ 3 ദലിത് പ്രതിനിധികളെ നാമനിർദേശം ചെയ്യാൻ സർക്കാർ തീരുമാനിച്ചപ്പോൾ അതിലൊന്ന് ദാക്ഷായനി ആയിരുന്നു. അങ്ങനെ പട്ടികജാതിയിൽ നിന്ന് MLC (Member of Legislative council) ആയ ഇന്ത്യയിലെ ആദ്യ വനിതയായി അവർ മാറി. കൊച്ചി മുളവുകാട് കല്ലച്ചംമുറി കുഞ്ഞന്റെയും എളങ്കുന്നപ്പുഴ തയ്യിത്തറ മാണിയുടെയും 5 മക്കളിൽ നാലാമത്തെയാളായി 1913 ജൂലൈ 8 ന് ആയിരുന്നു കെ.കെ.ദാക്ഷായണിയുടെ ജനനം. മുൻ രാഷ്ട്രപതി കെ.ആർ.നാരായണന്റെ ഇളയച്ഛൻ ആർ.വേലായുധനുമായി അവരുടെ വിവാഹം നടന്നത് വാർധയിൽ ഗാന്ധിജിയുടെ കാർമികത്വത്തിലായിരുന്നു.

കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ട ഏക പട്ടികജാതി വനിതയായിരുന്നു ദാക്ഷായണി. മദ്രാസിന്റെ

പ്രതിനിധിയായാണ തിരഞ്ഞെടുക്കപ്പെട്ടത്. അയിത്തത്തിനെതിരെ വ്യക്തമായ വ്യവസ്ഥയുള്ളതാവണം ഭരണഘടനയെന്നും അധഃസ്ഥിതർക്കു യഥാർത്ഥ സംരക്ഷണം ഉറപ്പാക്കണമെന്നും അവർ ഭരണഘടനാസഭയിൽ വാദിച്ചു.

ഭർത്താവ് വേലായുധനും ഇവരോടൊപ്പം പ്രൊവിഷനൽ (ഇടക്കാല) പാർലമെന്റ് അംഗമായി. 1971 ൽ അടൂർ ലോകസഭാ മണ്ഡലത്തിൽ നിന്നു ദാക്ഷായണി മത്സരിച്ചുവെങ്കിലും വിജയിച്ചില്ല. 1976 ജൂലൈ 20 ന് അന്തരിച്ചു.

---

## -----------------വിമർശനത്തിന്റെ സുഖം

യാത്ര ചെയ്തു മടുത്തപ്പോൾ കുതിരക്കാരൻ സത്രത്തിൽ കയറി. രാത്രി കുതിരയെ പുറത്തു കെട്ടിയിട്ട് അയാൾ ഉറങ്ങാൻ കിടന്നു. കുതിരയെ മോഷ്ടിച്ചെന്ന് പുലർച്ചെ മനസ്സിലായി. സത്രത്തിലുള്ള എല്ലാവരും ചുറ്റും കൂടി കുതിരക്കാരനോടു കയർത്തു- എന്തിനാണലായത്തിനു പുറത്തു കുതിരയെ കെട്ടിയത്. കടിഞ്ഞാൺ പോലുമില്ലാതെ കെട്ടുന്നതു മണ്ടത്തരമല്ലേ. ഇക്കാലത്ത് ആരെങ്കിലും കുതിരയെ യാത്രയ്ക്ക് ഉപയോഗിക്കുമോ? എല്ലാം കേട്ട കുതിരക്കാരൻ പറഞ്ഞു - വിചിത്രമായിരിക്കുന്നു. കുതിര മോഷ്ടിക്കപ്പെട്ടതിന്റെ പേരിൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തുന്നു. മോഷ്ടിച്ചവനെക്കുറിച്ച് ഒരു വാക്കുപോലും പറയുന്നില്ല.

വിമർശിക്കപ്പെടാൻ ഇരയുണ്ടെങ്കിൽ വിമർശിക്കുന്നവർക്കൊരു ഹരമാണ്. പറയുന്നതിന്റെ ആധികാരികതയോ അപകടമോ ആർക്കും പ്രശ്നമല്ല. സ്വന്തമല്ലാത്ത ആരെക്കുറിച്ചും എന്തും പറയുന്നതിൽ എല്ലാവരും സുഖം കണ്ടെത്തും. പ്രതികരണശേഷി ഇല്ലാത്തവർക്കെതിരെ നടത്തുന്ന ആരോപണങ്ങൾ വിറ്റ് അന്നം കഴിയുന്നവരുമുണ്ട്.

എല്ലാ വിഷയങ്ങളിലും പ്രശ്നത്തിന്റെ ഭാഗമുണ്ട്. പരിഹാരത്തിന്റെ ഭാഗമുണ്ട്. കുറ്റം കണ്ടുപിടിക്കുന്നവർ എന്നും പ്രശ്നത്തിന്റെ ഭാഗത്താണ്. ഉണ്ടായ വൈഷമ്യം പരിഹരിക്കപ്പെട്ടാൽ പിന്നെ കുറ്റപ്പെടുത്തുന്നവർക്ക് ജോലിയില്ലാതാകും. അതുകൊണ്ട് ഒരു പ്രശ്നവും ഒരിക്കലും പരിഹരിക്കപ്പെടാത്തവിധം ദുരുദ്ദേശ്യപരമായ ചോദ്യങ്ങൾ ചോദിക്കുക എന്നതാണ് കുറ്റപ്പെടുത്തുന്നവരുടെ മുഖ്യവിനോദം.

കുറ്റപ്പെടുത്തുന്നതിനു മുൻപ് ഒരു ചോദ്യം സ്വയം ചോദിക്കണം. ആ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു. തകർന്നു പോകുമായിരുന്നവർ എന്തിനാണ് തകരാതെ നിൽക്കുന്നവനെ കല്ലെറിയുന്നത്. പലരും തകർന്നടിഞ്ഞത് താഴെ വീണതു കൊണ്ടല്ല. എഴുന്നേൽക്കാൻ ശ്രമിച്ചപ്പോഴൊക്കെ ഒരാൾ പോലും കൈകൊടുക്കാൻ ഇല്ലാതിരുന്നതിനാലാണ്. ചൂണ്ടുവിരലുമായി വലയം ചെയ്യുന്നവരിൽ ഒരാളെങ്കിലും അഭിവാദ്യം ചെയ്തിരുന്നെങ്കിൽ പല തെറ്റുകളും ആവർത്തിക്കപ്പെടില്ലായിരുന്നു.

# തന്നിടുമോ കരിവണ്ടേ (കവിത)

പാറിപ്പറക്കുന്ന കരിവണ്ടേ
തേൻനുകർന്ന മടുത്തില്ലേ
ചുണ്ടിൽ നിന്നൂറും മധുവിലിത്തിരി
എനിക്കും തന്നിടുമോ കരിവണ്ടേ

അമ്മയും അച്ഛനും കാത്തിരിപ്പൂ
ചെമ്മേ നീ ചെല്ലുക തഞ്ചത്തിൽ
പൂവുകൾ നിന്നുടെ മേലാകെ
പൂമ്പൊടി തൂകി രസിച്ചപ്പോൾ

നമ്മതൻ വിത്തുകൾ പാകി നീ
നല്ലൊരു നാളെ വരുവാനായ്
കതിരവനുണരും നേരം നോക്കി
കാത്തിരിക്കേ നീ കരിവണ്ടേ.....

# ജീവിതത്തിന്റെ വ്യത്യസ്തത

എങ്ങനെ മരിച്ചു എന്നതിനേക്കാൾ എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം. മരണശേഷവും ജീവിക്കുന്നവർ
മരിച്ചതിലെ വ്യത്യസ്തത കൊണ്ടല്ല ജീവിച്ചതിലെ വ്യത്യസ്തത കൊണ്ടാണ് ആ സ്ഥാനത്തിന് അർഹരായത്. ജീവിച്ചിരിക്കുമ്പോൾ കർമം കൊണ്ടു വ്യത്യസ്തരാകുന്നവർ മാത്രമേ, മരണശേഷവും മാതൃകയും പ്രചോദനവുമായിട്ടുള്ളൂ.

ജന്മം കൊണ്ട് ആർക്കും വിഭിന്നരാകാൻ കഴിഞ്ഞെന്നു വരില്ല. പക്ഷേ, ജീവിതം കൊണ്ട് അതിനു സാധിക്കണം. ജനനത്തിനും മരണത്തിനും ആരും സ്വയം ഉത്തരവാദികളല്ല. ആകസ്മികമായും അനുവാദം ചോദിക്കാതെയും നടക്കുന്ന സംഭവങ്ങളാണവ. പക്ഷേ, ജീവിതത്തിന് ഉത്തരവാദികൾ അവ ജീവിച്ചു തീർക്കുന്നവർ മാത്രമാണ്.

ലക്ഷ്യമില്ലാത്ത പ്രവൃത്തികളാണ് കാര്യക്ഷമതയില്ലാത്ത പ്രവർത്തകർക്കും ഫലപ്രാപ്തിയില്ലാത്ത കർമ്മങ്ങൾക്കും വഴിതെളിക്കുന്നത്. വ്യത്യസ്തത ഒരു ലക്ഷ്യമല്ല, മാർഗമാണ്. വ്യത്യസ്തമാകുന്നതിനേക്കാൾ അതുല്യമാകുന്നതിലാണ് ചെയ്തികളുടെ ശ്രേഷ്ഠത.

ശ്രദ്ധിക്കപ്പെടാൻ വേണ്ടിയും പുതുമ ആവിഷ്കരിക്കാൻ വേണ്ടിയും മാത്രം നടത്തുന്ന പ്രകടനങ്ങൾ ഫലരഹിതവും അപമാനജനകവുമാകും. ആലോചിച്ചുണ്ടാക്കുന്ന വ്യത്യസ്തതയ്ക്ക് ആഴമോ ആയുസ്സോ ഉണ്ടാകില്ല. അസാധാരണമായ ലക്ഷ്യങ്ങളും അവിശ്വസനീയമായ പ്രവർത്തനശൈലിയും ഉണ്ടെങ്കിൽ വ്യത്യസ്തത താനേ രൂപപ്പെടും.

അടവുകളും തന്ത്രങ്ങളുമല്ല, അപൂർവവും അനുകരണാർഹവുമായ പാഠങ്ങളാണ് വ്യത്യസ്തത. അത് അവനവനിലുള്ള വിശ്വാസത്തിന്റെയും സ്വന്തം സ്വപ്നങ്ങളോടുള്ള അഭിനിവേശത്തിന്റെയും അളവുകോലാണ്.

മറ്റുള്ളവർ നടന്ന വഴികളിലൂടെ മാത്രം നടക്കുകയും അവർ കണ്ട കാഴ്ചകൾ മാത്രം കാണുകയും ചെയ്യുന്നവർ ഭയചകിതരും അന്തർമുഖരുമാണ്. കോപ്പിയടിച്ച് ശീലിച്ചവർക്ക് തനതായ തൊന്നും സൃഷ്ടിക്കാനോ തന്റേതായാ പാതകളിലൂടെ ചരിക്കാനോ കഴിയില്ല. പേരെടുക്കാൻ വേണ്ടി ചെയ്യുന്ന പ്രവൃത്തികളെക്കാൾ, ഉദ്ദേശ്യ ശുദ്ധിയോടെ ചെയ്യുന്ന പ്രവൃത്തികളാണ് പേരും പെരുമയും സമ്മാനിക്കുന്നത്.

# എന്നിലൂടെ

നിമ്മി തോമസ്

"അഹമൊഴിയണം; എങ്കിലേ-
മർത്ത്യനർത്ഥമുള്ളൂ....."
മുഴങ്ങുന്നുണ്ടു കാതുകളിൽ
നിരന്തരമെൻ അമ്മതൻ വാക്കുകൾ.....
തികഞ്ഞ പ്രസരിപ്പിൽ
ഓർത്തില്ല ഞാൻ....
അജ്ഞത തീർത്തൊരന്ധകാരത്തിൽ
ചുറ്റിപ്പിണഞ്ഞു കിടന്നതേയുള്ളൂ....
ഞാനാണു ലോകമെന്നഹങ്കരിച്ചു-
ഓർത്തില്ല ഞാനെൻ അമ്മയെപ്പോലും....
എങ്കിലും തിരിച്ചറിഞ്ഞു ഞാൻ....
നശ്വരതയുടെ മൂഢമാം ഭംഗിയിൽ
അലഞ്ഞു നടന്നുവെങ്കിലും
കാലമാസത്യം എന്നെയും പഠിപ്പിച്ചു....

# अपने प्रभु की सेवा में

(कविता) Sr.ALBINIA

अपने प्रभु की सेवा में सब अपना दान करो
मन तो प्रभु का मन्दीर है , तन अपना दान करो।
    है याद तुम्हें जग में तुम पाप के सागर में ।
    और पाने तुम्हें जग में तुम पाप के सागर में ।।
    उस प्यारे प्रभु के नाम केलिए सब अपना दान करो।
    मन तो प्रभु का मन्दीर है, तन अपना दान करो।।
काल तुम तो भरकते थे, अनजान-सी राहो में।
वह तुमको बचा लिया उस प्यार की बाहो में।।
जो भी मिला है तुम से तुम्हे औरो को दान करो।
मन तो प्रभु का मंदिर है, तन अपना दान करो ।।

# आया येसु राजा (कविता)

Sr.ALBINIA

आया येसु राजा आज जगत में आया
सब मिल गाओ खुशियाँ मनाओ,
येसु राजा आया।
चमका एक अनोखा तारा चहूँदिश गूँजा है यह नारा
सब जन आओ शीश नवाओं प्रभु का लाल आया ।
आज जगत का मिरा अन्धेरा जगत उख है नया सबेरा
सबको जगाओ सन्देश यह सुनओ जगत पाल आया
पाप से हमें बचाने आया प्रेम की ज्योति जलाने आया
सबको बलाओ जय गीत गाओ प्रभु कृपालु आया ।

# എന്റെ മാതൃവിദ്യാലയം

കവിത

ശതാബ്ദിതൻ പൊൻ പ്രഭയിൽ
വിളങ്ങുന്നു എൻപ്രിയ മാതൃവിദ്യാലയം
കർമ്മലമാതാവിൻ നാമം വഹിക്കുമീ-
എൽ.എം.സി.സി. എന്ന മഹനീയ വിദ്യാലയം
ബാല്യകാലസ്മൃതികളുണർത്തുമീ വേളയിൽ
എൻ അന്തരംഗം കൊതിച്ചിടുന്നു.
ഒരുവട്ടം കൂടി ഇവിടുത്തെ വിദ്യാർത്ഥിയായിടുവാൻ
ജ്ഞാനത്തിൻ ഒളി വിതറുമീ വിദ്യാലയത്തിൻ
ഓർക്കുന്നു ഞാനെന്റെ പ്രധാനാധ്യാപികയെ
ഗാംഭീര്യം അലതല്ലും സിസ്റ്റർ ഡൊറോത്തിയെ
അറിവും ബോധ്യവും തന്ന് കൈപിടിച്ചുയർത്തിയ
എൻ പ്രിയ ഗുരുക്കന്മാരെ നിങ്ങൾക്ക് പ്രണാമം
അക്ഷരമാല പഠിപ്പിച്ചതാദ്യമെൻ
പ്രിയ സിസ്റ്റർ ബേസിലാണല്ലോ
പിന്നെയങ്ങു സ്നേഹത്തിൻ തൂവൽസ്പർശമേകി
വിക്ടറി സിസ്റ്ററും , സിസ്റ്റർ തെക്ലയും, ബിബിയാന സിസ്റ്ററും
പത്താം തരത്തിലെന്നെയൊരുക്കിയ
അമ്മയെപ്പോലൊരു ലൈസാമ്മ ടീച്ചറും
വാത്സല്യം പൂകിതൻ കെ.വി.മേരി ടീച്ചറും
വേർപാടിൻ ഓർമ്മകൾ കത്തിജ്വലിക്കുന്നു
എൻ ഹൃദയത്തിലൊരു തേങ്ങലായി ത്രേസ്യാമ്മ ടീച്ചറും-
കൂടെ സിനി ടീച്ചറും
എന്നിലേക്കൊഴുകി സ്നേഹവാത്സല്യങ്ങൾ
ജീവസുറ്റതാം വാക്കുകളാലെ
എങ്ങിനെ ഞാൻ മറക്കും
എൻ മാതൃവിദ്യാലയമെ നിന്നെ ഞാൻ
പുനർജനിക്കുന്നു ഇന്നീ ഓർമ്മകൾ
ആ കൈത്തിരി നാളത്തിൻ ജ്വാലയായ്
ഒരധ്യാപികയായി എൻപ്രിയ വിദ്യാലയത്തിൽ
സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചതോർത്ത് ഞാൻ
നന്ദി ചൊല്ലിടുന്നു സർവ്വേശ്വരനെന്നെന്നും



**ഈ വിദ്യാലയത്തിൻ അന്തഃസത്ത**
**കെടാതെ സൂക്ഷിക്കാൻ**
**കൂട്ടായി ഞാനും വരുന്നിതാ മുന്നോട്ട്.**

**പൂർവ്വവിദ്യാർത്ഥിനി**
**മേരി തെക്ല പി.എ.**
**HST ENGLISH**
LMCC HS ERNAKULAM

## വാഴ്ക ദിവ്യചേതസ്സായ് (സി.ഐറിസ്) കവിത

ഒഴുകുമാ പെരിയാറിൻ തീരെ കർമ്മലാംബ ചിന്തും
ഒളിയിൽ വളർന്നുയർന്ന വിദ്യാലയമെ!
ഒരു കാന്തി പൂരമായി നൂറുവർഷ പുലരിയായ്
ഒരു പുത്തനുണർവ്വിന്റെ കാഹളമായി.

സാമൂഹ്യപരിഷ്ക്കർത്താവാം സി.സി.ടി. തൻ സ്ഥാപികയാം
ദൈവദാസി മദറേലീശ്വ സ്ഥാപിച്ചൊരു നാൾ
ദീനദിനം മാഴ്കീടുന്ന നാരികൾക്ക് ജ്ഞാനമേകാൻ
സാമോദം എൽ.എം.സി.സി.യാം വിദ്യാലയവും

മണ്ണിലീശ മഹത്വങ്ങൾ വന്നു മാഞ്ഞു മറയാതെ
ഉണ്ണികളിൽ ജ്ഞാനാമൃതം ചുരത്തീടുന്നു നീ!
കടലല കായലിലേയ്ക്കെന്ന പോലെ വിജ്ഞാനമാ
കുരുന്നു മനസ്സുകളിലലയായേകി !

കാലഭേദം ഗണക്കാതെ വർഗ്ഗവർണ്ണം ഗൗനിക്കാതെ
സമത്വത്തിൻ സൗഗന്ധികം വിരിയിക്കും നീ !
സർവ്വജ്ഞാന സമ്പാദ്യവും ശിഷ്യർക്കായങ്ങേകിടുന്ന
സൽഗുണ സമ്പന്നരാകും വന്ദ്യ ഗുരുക്കൾ

സ്നേഹത്തിന്നാർദ്രതകളും മഹത്വത്തിൻ മേന്മകളും
സ്വന്തമാതൃകയിലൂടെ പകർന്നു നൽകി
ദൈന്യതതൻ രോദനങ്ങൾ സ്വാർത്ഥതതൻ ദുർഗന്ധങ്ങൾ
ദൂരെയകറ്റീടും ശാന്തി സന്ദേശമേകി.

സന്നിദ്ധമാം പ്രകാശത്തിന്റെ കിരണങ്ങളേകി ചെമ്മെ
മുഗ്ധമായൊരു രൂപം തൻ ശിഷ്യരിൽ തീർത്തു
എന്തു കൊണ്ടും ചരിത്രത്തിൽ ദീപസ്തംഭമായ് ലസിക്കും
വിദ്യാക്ഷേത്രമെ നേരുന്നൊരായിരം പൂക്കൾ

ഹർഷാഘോഷം മുഴങ്ങട്ടെ നാടുംവീടുമുണരട്ടെ
ഹാസലോല മാനസങ്ങളുണർന്നീടട്ടെ
ഭാവുകങ്ങൾ നേർന്നീടട്ടെ ഭാവിതൻ പൊൻ വീഥികളിൽ
ഭാസുരാഭ വിളങ്ങട്ടെ ദിവ്യ ചേതസ്സായ്

അക്ഷരത്തിന്നറിവാകും അക്ഷയമാം നിധിയേകി

**ലക്ഷങ്ങളെ വാർത്തെടുത്ത നികേതനമെ**
**ഇക്ഷിതിക്കിന്നസ്സാദ്ധ്യമാം സാന്മാർഗ്ഗികമൂല്യങ്ങളെ**
**ക്ഷിപ്രസ്സാദ്ധ്യമാക്കിചെമ്മെ വാഴുക നീണാൾ**

# ശതാബ്ദി ആന്തം

വർഷം ...... ശതാബ്ദി വർഷം........

ശതാബ്ദി വർഷത്തിൻ മയൂഖ പീലികൾ

നീർത്തി നിന്നാടുന്ന എൽ.എം.സി. പാവനി.......

പവിത്രി...... പുണ്യവതി.......

അറിവിന്നാദ്യാക്ഷരമാം.......

അമൃതം പകരും തായേ......

അമൃദേത്തിൻ തിരുവുത്സവമിന്നൊന്നായ്

ആടാം....... പാടാം

അക്ഷരതിരുമുറ്റത്തെ കുറുമ്പിൻ കുരുന്നുകൾക്കാ-

ദ്യാക്ഷരമേകി അറിവാം അമൃതേകി

ഊട്ടി വളർത്തിയൊരമ്മ

അറിവിൻ വരമഴ പുതുമഴ

അണിയാം അമൃതം പൊഴിയാം

പകരാം ഭുവിൻ ഒന്നായ്

ഇവൾ തന്നൊരീവെട്ടം അറിവിൻ പൊൻവെട്ടം

പവിത്രി..... പാവനി.....പുണ്യവതി

പാവനി....പവിത്രി....പുണ്യവതി

വർഷമയൂഖങ്ങൾ നിറഞ്ഞാടി

കലയുടെ കേളി പദമായി

വാത്സല്യക്കനിയായി സ്നേഹത്തിൻ നിറവായി

ഇവൾ എന്നും നമ്മൾതൻ

കളിത്തോഴിയായ്......



രചന, സംഗീതം –ജയശ്രീ

സംഗീതാധ്യാപിക




BY GAYATHRI

STD IX C



## 2019 -20 അധ്യയന വർഷത്തെ പ്രവർത്തന റിപ്പോർട്ട്

19 -ാം നൂറ്റാണ്ടിന്റെ കാലയളവിൽ സ്ത്രീ വിദ്യാഭ്യാസത്തിന് വെല്ലുവിളികൾ നേരിട്ടുകൊണ്ടിരുന്ന വേളയിൽ സ്ത്രീ മുന്നേറ്റത്തിനായ് കേരളത്തിലെ ആദ്യ പെൺ പള്ളിക്കൂടത്തിന് വരാപ്പുഴയിൽ അടിത്തറ പാകി കർത്താവിന്റെ പ്രിയ മണവാട്ടിയായ കേരളസന്യാസിനി സഭയിലേ ആദ്യ സന്യാസിനി കർമ്മലീത്ത സഭാസ്ഥാപക ദൈവദാസി മദർ ഏലീശ്വാ. ദൈവനിശ്ചയം ആ അമ്മയിലൂടെ നടപ്പാക്കി കൊണ്ടിരിക്കുന്നു. ഇന്ന് CTC സഭാ സമൂഹം പടർന്നു പന്തലിച്ചു. നൂറ്റാണ്ടുകളുടെ പൈതൃക പാരമ്പര്യമുള്ള MOUNT CARMEL ദേവാലയത്തിനു സമീപം 1920 JUNE 7 ന് സ്ഥാപിതമായ LADY OF MOUNT CARMAL CONVENT SCHOOL ഇന്ന് ശതാബ്ദി ആഘോഷനിറവിൽ ആനന്ദിച്ചുല്ലസിക്കുന്നു.

ശതാബ്ദിയുടെ പൊൻതൂവൽ അണിഞ്ഞിരിക്കുന്ന LMCC യുടെ അങ്കണത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത് LADY OF MOUNT CARMEL CONVENT, LP SCHOOL , CBSENGLISH MEDIUM LP SCHOOL, HIGH SCHOOL, HIGHER SECONDARY SCHOOL, FASHION DESIGNING CENTER, SOCIAL SERVICE CENTER എന്നിവയാണ്.

കോൺവെന്റിനെ നയിച്ചു കൊണ്ടുപോരുന്നതും സ്കൂളിന്റെ ലോക്കൽ മാനേജർ പദവി അലങ്കരിച്ചു കൊണ്ടിരിക്കുന്നതും

MOTHER SUPERIOR REV. SR. MARIA TREASA യാണ്. ഒപ്പം LP SCHOOL HEAD MISTRESS REV .SR ALEENA, HIGH SCHOOL HEADMISTRESS REV. SR. MARGRET K.X, HIGHER SECONDARY SCHOOL PRINCIPAL REV. SR . MELVIN,SOCIAL SERVICE സംഘടനയുടെ പ്രവർത്തനം നയിക്കുന്ന REV. SR. ----------, FASHION DESIGNING INSTITUTION നയിച്ചു പോരുന്ന REV.SR….. ഇവരൊക്കെയാണ് ഇന്നിന്റെ നിറവിലെ താരങ്ങൾ. പൈതൃകമായി കാത്തു സൂക്ഷിച്ചു പോരുന്ന LMCC യുടെ യശസ്സ് മാറ്റ് കൂട്ടി നയിക്കുന്ന കർത്താവിന്റെ പ്രിയമണവാട്ടിമാർ.

ശതാബ്ദി ആഘോഷത്തോടൊപ്പം സ്കൂൾ പ്രവർത്തന റിപ്പോർട്ട് സമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്നു.

ഈ അധ്യയന വർഷത്തിന്റെ ആരംഭം മുതൽ അവസാനം വരെയുള്ള മുന്നൊരുക്കങ്ങൾക്കായി MAY 30-ാം തിയതി അധ്യാപകർക്കായി ഒരു ORIENTATION ക്ലാസ്സും ഒപ്പം കഴിഞ്ഞ അധ്യയന വർഷത്തെ പഠനനിലവാരവും, SSLC വിജയവും, വരുന്ന വർഷത്തെ സ്കൂൾ പ്രവർത്തനത്തോടൊപ്പം ശതാബ്ദി ആഘോഷ ചർച്ചകളും നടത്തുകയുണ്ടായി.

- 2019 -20 അധ്യയന വർഷത്തെ സ്കൂൾ പ്രവേശനോത്സവം JUNE 6 -ാം തിയതി രാവിലെ അസംബ്ലിയോടൊപ്പം ആഘോഷിച്ചു. കൗൺസിലർ ശ്രീ ദീപക്ക് ജോയ് ദീപം തെളിച്ച് ഉദ്ഘാടനം ചെയ്തു. ദീപം തെളിയിക്കുന്നതിനുള്ള എണ്ണ വിളക്കിൽ പകർന്ന് ഒഴിച്ചത് വിദ്യാലയത്തിലേക്ക് വന്ന പുതിയ കുരുന്നുകളായിരുന്നു. ഏറെ സന്തോഷത്തോടെ അധ്യാപകരും വിദ്യാർത്ഥികളും പുതിയ അധ്യയന വർഷത്തെ വരവേറ്റു.



- അന്നേദിനം ഉച്ചഭക്ഷണ ഉദ്ഘാടനവും നടന്നു.



- ജൂൺ 5 പരിസ്ഥിതി ദിനാചരണത്തോടെ ഓരോ മാസത്തിലെയും എല്ലാ ദിനാചരണങ്ങളും വിദ്യാർത്ഥികൾ വളരെ ഊർജസ്വലതയോടെ ആചരിച്ചു. ഒരു മരം ഒരു വീടിന് എന്ന പദ്ധതിയോടെ തുടക്കം കുറിച്ചു.



➔ വായനദിനത്തോടനുബന്ധി ച്ച് സെന്റ് ആൽബർട്ട്സ് മലയാളവിഭാഗം HOD Prof.Dr. AUGUSTIN M.A ഉദ്ഘാടനം ചെയ്തു.

ഒരാഴ്ച്ചകാലം വിവിധ ഭാഷാ ഗ്രന്ഥങ്ങൾ വായിച്ച് ആസ്വാദനം അസംബ്ലിയിൽ അവതരിപ്പിച്ചു.



➔ പുസ്തക പ്രദർശനം വിവിധ ക്ലാസ്സുകളുടെ നേതൃത്വത്തിൽ നടത്തി.

➔ ഇരുപത്തഞ്ചോളം ക്ലാസ്സുകളിലേക്ക് മലയാള മനോരമ ദിനപത്രം സൗജന്യമായി നൽകുന്നതിന് സേറ ടൈൽസ് & കമ്പനി മാനേജർ Mr. & Mrs. ആൽവിൻ ഗോമസ്എത്തുകയുണ്ടായി.



➔ ജൂൺ 26 ന് ലോക മയക്കമരുന്ന വിരുദ്ധ

ദിനത്തോടനുബന്ധിച്ച് സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചു. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.



- ആഗസ്റ്റ്6,9 ദിനങ്ങളിലെ ദുരന്തഭൂമികളായ ഹിരോഷിമ നാഗസാക്കി ദിനം സാമൂഹ്യ അധ്യാപകരുടെ നേതൃത്വത്തിൽ പോസ്റ്റർ, പ്രസംഗാവതരണങ്ങൾ നടന്നു.

- ആഗസ്റ്റ്15 സ്വാതന്ത്ര്യദിനത്തിൽ കഴിഞ്ഞ വർഷത്തെ പ്രളയദുരിതത്തിന്റെ ഓർമ്മയിൽ സ്കൂൾ അങ്കണത്തിൽ പതാക ഉയർത്തി.








- സെപ്റ്റംബർ 5 അധ്യാപകദിനത്തിൽ കുട്ടികൾ ഗുരുവന്ദനം നടത്തി.



➔ ഓണാഘോഷം വളരെ ലളിതമായ ചടങ്ങിൽ നടത്തി.

➔ LITTLE KITES ന്റെ ആഭിമുഖ്യത്തിൽ DIGITAL പൂക്കളം ഉണ്ടാക്കിയും ,






➔ സർക്കാർ സംരംഭം ആയ നാടിന്റെ ഉയർച്ചക്ക് അഭിമാനത്തോടെ ഞങ്ങളും എന്ന പ്രളയദുരിത ധനശേഖരണ പരിപാടിയും സംഘടിപ്പിച്ചു.

➔ കുട്ടനാട്ടിലെ പ്രളയദുരിതത്തിൽ അകപ്പെട്ടവർക്ക് ഓണകിറ്റ് സമ്മാനിച്ചു.





→ ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ സേവനവാരവും, ഗാന്ധി ക്വിസ് നടത്തുകയുണ്ടായി. അതിൽ നിന്നും സമ്മാനാർഹരായ വിദ്യാർത്ഥികളെ എറണാകുളം ഗേൾസ് ഹൈ സ്കൂളിൽ വച്ച് നടത്തിയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

→ സ്കൂൾ ജനറൽ ബോഡിയിൽ പ്രവർത്തി വർഷത്തെ PTA PRESIDENT ആയി ശ്രീ അനന്ത പത്മനാഭനെയും, MPTA PRESIDENT ആയി ശ്രീമതി സ്മിത പൊൻസേക്കയേയും തിരഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിൽ മറ്റ് കമ്മിറ്റി അംഗങ്ങളോടൊപ്പം സ്കൂൾ പ്രവർത്തനങ്ങൾ സുഖമമായി നടത്തി പോരുന്നു.




→ CLASS PTA കൂടി കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പങ്കുവയ്ക്കുന്നു.



# സ്കൂളിന്റെ മറ്റ് പാഠ്യേതര പ്രവർത്തനങ്ങൾ

SPORTS , ARTS, GUIDES, REDCROSS, KCSL, LITTLE KITES, HELLO ENGLISH, SUREELI HINDI, ജൈവവള കംബോസ്റ്റ് നിർമ്മാണം, ഇവ സ്കൂളിന്റെ വിവിധ വർണ്ണങ്ങളാണ്.

















EXHIBITIONS , MOTIVATION CLASSES, NIPA VIRUS CLASS , MEDICAL CAMP, STUDY TOUR, YOUTH FESTIVAL, കലോത്സവം ഇവയൊക്കെ കുട്ടികളിൽ അറിവും ഊർജ്ജവും പകരുന്നവയായിരുന്നു.

















സർക്കാർ പദ്ധതിയുടെ ഭാഗമായി നാട്ടിലെ പ്രതിഭകളോടൊപ്പം എന്ന പരിപാടിയിൽ സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും അടങ്ങിയ ഒരു സംഘം എ.കെ . പുതുശ്ശേരി അവറുകളുടെ ഭവനം സന്ദർശിച്ച് അദ്ദേഹത്തേ ആദരിച്ചു. രണ്ട് മണിക്കൂറോളം അദ്ദേഹം വിദ്യാർത്ഥികളുമായി സംവദിച്ചു.
















## ശതാബ്ദി ആഘോഷം

- 1920 മുതൽ 2020 വരെയുള്ള വർഷങ്ങളെ ശതാബ്ദിയുടെ സ്വർണ്ണ ഉവലുകൾ അണിയിക്കുന്നതിന് 2019 ൽ തിരിതെളിഞ്ഞു. പ്രൗഢഗംഭീരമായ ആ ദിനങ്ങൾക്ക് തിരിതെളിഞ്ഞപ്പോൾ നാടും വീടും സ്കൂളിനൊപ്പം അണിചേർന്നു. ശതാബ്ദി ആഘോഷ പരിപാടികളുടെ നേതൃത്വനിരയിലേക്ക് വിവിധ കമ്മിറ്റി രൂപീകരണത്തിലൂടെ വലിയ ശക്തിയുള്ള നേതൃത്വ പാടവമുള്ളവർ എത്തിചേർന്നു. ശതാബ്ദി കൂട്ട് എന്ന ഒരു വാട്സാപ്പ് ഗ്രൂപ്പ് തുടങ്ങി. മീറ്റുങ്ങുകൾ വിളിച്ചു ചേർത്തു .
- 2019 OCTOBER13 ഞായറാഴ്ച ഉച്ചക്ക് ചേർന്ന മീറ്റിംഗിൽ ഫാ.അലോഷ്യസ് തൈപറമ്പിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൗൺസിലർ ശ്രീ ദീപക് ജോയ് ഉദ്ഘാടനം നടത്തി. അതോടനുബന്ധിച്ച് OCT 27, NOV 2, NOV 10, DEC 1 ഈ ദിവസങ്ങളിൽ യോഗം ചേർന്നു. ആദ്യ യോഗത്തിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. LITURGY , PROGRAMME , SOVINIER, DECIPLINE,STAGE AND PANTHAL, LIGHT AND SOUND, FOOD, RECEPTION, PUBLICITY, ഇത്രയും കമ്മിറ്റി രൂപീകരിച്ചു.

- നവംബറിൽ വിളംബര റാലി സംഘടിപ്പിച്ചു. സ്കൂൾ അങ്കണത്തിൽ നിന്നും തുടങ്ങിയ യാത്ര വട്ടുതല ഡോൺബോസ്കോ സ്കൂളിൽ നിന്നും തിരിച്ച് സ്കൂൾ അങ്കണത്തിൽ എത്തിച്ചേർന്നു. FLAG OFF സമ്മേളനത്തിൽ PTA PRESIDENT അദ്ധ്യക്ഷത വഹിച്ചു. HEADMISTRESS SR. MARGRET K.X , സ്വാഗതം ആശംസിച്ചു.



- LOCAL MANAGER SR. MARIA TREASA ദീപശിഖ തെളിച്ച് മാസ്റ്റർ Anshal ന് കൈമാറി.
- TRAFFIC POLICE COMMISIONER FLAG OFF ചെയ്തു.



- PTA MEMBERS , ശതാബ്ദി കമ്മിറ്റി members , അധ്യാപകർ ഇവർക്കൊപ്പം നീല ജേഴ്സിയണിഞ്ഞ് LMCC മുത്തുകൾ സൈക്കിൾ റാലിയിൽ പങ്കെടുത്ത് ശതാബ്ദി വിളംബരജാഥക്ക് മാറ്റ് കൂട്ടി.
- അവരെ ചെണ്ടമേളത്തോടെ എതിരേൽക്കുന്നതിനായി LP SCHOOL ലെ കുരുന്നു പ്രതിഭകൾ അണിനിരന്നു.
- വിളംബര ജാഥയിൽ ദീപമേന്തി അശ്വമേധ ത്തിന്റെ അകമ്പടിയോടെ സൈക്കിൾ റാലി മുന്നേറി.




- ഡോൺബോസ്കോ സ്കൂളിൽ വച്ച് സ്കൂൾ മാനേജർ , ഹെഡ്മിസ്ട്രസ്സ് , കുട്ടികളും, സെന്റ് ജോസഫ് സ്കൂൾ ഹെഡ്മിസ്ട്രസ്സ ,കുട്ടികളും വിളംബരജാഥക്ക് സ്വീകരണം നല്കി.
- ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഭവനനിർമ്മാണ ഫണ്ടിലേക്ക് ധനം ശേഖരിക്കുന്നതിനായി വിവിധ ക്ലാസ്സുകൾ വിവിധ ദിവസങ്ങളിലായി FOOD FESTIVAL നടത്തി.

- നിറക്കൂട്ട് എന്ന പേരിൽ inter school competition നടത്തി.



- വിവിധ മാസങ്ങളിലെ രണ്ടാം ശനയാഴ്ചകളിലായി വിവിധ ബാച്ച് വിദ്യാർത്ഥികളുടെ reunion സംഘടിപ്പിച്ചു.
- മാത്രമല്ല ഈ വിദ്യാലയത്തിൽ പഠിപ്പിച്ച അധ്യാപിക സിസ്റ്റേഴ്സ് ഇവരെ ഒത്തു കൂട്ടിയത് സ്കൂൾ ചരിത്രത്തിൽ തന്നെ എഴുതപ്പെട്ട ഒന്നായി മാറികഴിഞ്ഞു. അവരുടെ അനുഭവങ്ങൾ പങ്കുവച്ചത് ഒരു nostalgia ജനിപ്പിക്കുന്ന ഒന്നായി തീർന്നു.
- ശതാബ്ദി സ്മരണികയ്ക്ക് പേരിടുന്ന മത്സരം നടത്തി . കുട്ടികൾ അധ്യാപകർ ഈ മത്സരത്തിൽ പങ്കെടുത്തു.



- ശതാബ്ദിയുടെ ലോഗോ പ്രകാശനം Retired Justice Dr.K.K. NARAYANA KURUPPU നിർവ്വഹിച്ചു.

- Rev. Sr. Sija CTC logo യുടെ ചിഹ്നങ്ങൾ പ്രതിനിധാനം ചെയ്തിരിക്കുന്നവയെ പറ്റി വിശദീകരിച്ചു.
- അതേ ദിവസം തന്നെ ഭവന നിർമ്മാണത്തിന്റെ ആദ്യ കൂപ്പൺ വിൽപ്പന Rev.Fr. Aloshious Thaiparambil Rev sr. വിയോളക്ക് നൽകി.
- ശതാബ്ദി ഭവനത്തിന്റെ കല്ലിടൽ ചടങ്ങ് നിർവ്വഹിച്ചു. ഫാ.ബിനു കല്ലിടൽ കർമ്മം ആശിർവദിച്ചു. Rev. Sr. Maria Treasa, Sr.Margret K.X, Sr.Jain, Sr. Aleena, Sr.jenny. Sr.sija എന്നിവർ ചടങ്ങിന് സാക്ഷ്യം വഹിച്ചു.



- 


ശതാബ്ദി കവാടം നിർമ്മിച്ചു.

ഈ അധ്യയന വർഷത്തോടെ തങ്ങളുടെ അധ്യാപന ജോലിയിൽ നിന്നും വിരമിക്കുന്നവർക്ക് യാത്രാ മംഗളങ്ങൾ

മുപ്പത് വർഷത്തെ സേവനം കാഴച്ചവെച്ച Smt. Merlin

ഇരുപത്തൊമ്പത് വർഷത്തെ സേവനം കാഴച്ചവെച്ച

Rev sr. Margret K.X, Smt.Valsa A.X., Smt.Lovely

പത്തൊമ്പത് വർഷത്തെ സേവനം കാഴച്ചവെച്ച Smt.Valsa P.K




ഇവർക്ക് വിശ്രമജീവിതം സന്തോഷവും ഈശ്വരാനുഗ്രഹങ്ങൾ നിറഞ്ഞതുമാകട്ടെ എന്നാശംസിക്കുന്നു..

നൂറിന്റെ നിറവിൽ 100 ൽ 100 എന്നത് നിർവ്വഹിക്കാൻ ദൈവകൃപയാൽ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ച് കൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

സെക്രട്ടറി

BEENA P A

# നവീകരിച്ച ലൈബ്രറി



ഒരു മാസത്തെ കഠിനാധ്വാനത്തിലൂടെ ചെറിയ ഒരു ലൈബ്രറിയിൽ നിന്ന് വളരെ വലിയ, ഡിജിറ്റലീകരിച്ച ഒരു ലൈബ്രറി കെട്ടിപടുക്കുകയുണ്ടായി. ഈ നവീകരിച്ച ലൈബ്രറിയുടെ ഉദ്ഘാടനം എറണാകുളം ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ലളിത നിർവ്വഹിച്ചു.








SHOT ON OPPO



BY ABHISHEK BABU

STD XB



# नारी सुरक्षित है क्या?

आज के ज़माने में नारी सुरक्षित है क्या ? क्यों आज उन्हें स्वतंत्रता उल्लंघन किया है। पुरुषजाति के बिगडता हूआ स्वभाव में दब जानावाला होना है वह। एक स्त्री और पुरुष एक साथ खडे होने देखे तो खून उबलनेवालों क्यों इस समाज में किसी एक लडकी पीडित हूए तो तुम्हारे जीभ न उठते है।

स्त्री संरक्षण में बहुत बडा चुनौती झेलनेवाले घटना हर दिन हम माध्यम से सुन रहे है। उनके संरक्षण में तेरहवां स्थान में हुए हम अब पिडित करनेवालो के देश में पहले स्थान में पहूँच आकर हम अभी बहुत नीचे होगया है। हमारे देश के हर एक बच्चे ऐसे कह कर बढ आते है "भारत मेरा देश है, सभी भारतीय मेरा भाई बहन है।" लेकिन इन शब्दो का अर्थ लोगों को सामने पहुँचाकर कार्य करने में हमारा देश तो हार गया।

स्त्री संरक्षण केलिए कई तरह के आयोजन है। लेकिन इन लोग कुछ नहीं करते है उनके संरक्षण केलिए। नन्हा बच्चे से वृद्धा को भी तंग करते है। जीषा की खतरा, सौम्या, वाळयार, उन्नाव, आदी इनमें कुछ घटनाएँ है। अपने खून में जन्म हूए बच्ची को भी धन केलिए दूसरों को बेचनेवाले माता-पिता भी हमारे ज़माने में है। उसके साथ सात साल पहले हूए खतरे में पीडित हुई अपनी बच्ची को नीति मिलने केलिए लडने वाले माता-पिता भी इस देश में है। निर्भया दिन की याद में दिसंबर 29 में रात का चल किये गये महिलाएँ हमारे सामने एक

मिसाल है। इनके इस असल के साथ आगे बढकर एक साथ स्त्री संरक्षण केलिए लडना चाहिए।



2019-20 SSLC batch

## Alphabetical Index


2019 -20 അധ്യയന വർഷത്തെ പ്രവർത്തന റിപ്പോർട്ട്...77

THE ROLE OF YOUTH IN A VALUE ORIENTED SOCIETY...24

YOUR ROLE MODEL IN LIFE...31

മൂല്യബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിൽ യുവജനങ്ങളുടെ പങ്ക്...12

--വിമർശനത്തിന്റെ സുഖം...64

अपने प्रभु की सेवा में (कविता)...68

आया येसु राजा (कविता)...69

नारी सुरक्षित है क्या?...97

അക്ഷര ശോഭയുടെ 100 വർഷങ്ങൾ...42

അടിയറ വയ്ക്കുന്ന വ്യക്തിത്വം...60p.

അദൃശ്യ മനുഷ്യന്...20

അധ്യാപക കദനം -തുള്ളൽ...54

അപ്പുകുട്ടനും ചങ്ങാതിയും...29

അമ്മയ്ക്കായി ...41

എന്നിലൂടെ നിമ്മി തോമസ്...67

എന്റെ മാതൃവിദ്യാലയം കവിത...70

ഏറ്റവും വലിയ സമ്മാനം...17

കുസൃതിക്കാരൻ...34

കേരളമാണെന്റെ നാട് (കവിത രചന)...15

ചിന്താവിഷയം...57

ജംബോലാമന്റെ പായസം...59

ജീവിതത്തിന്റെ വ്യത്യസ്തത...66

തന്നിട്ടുമോ കരിവണ്ടേ (കവിത)...65

ദാക്ഷായണി മാറ്റിയെഴുതിയ ചരിത്രം ...62

നമ്മുടെ നാട്...33

നവീകരിച്ച ലൈബ്രറി...94

നിങ്ങളുടെ ജീവിതത്തിൽ മാതൃകയായ ഒരു വ്യക്തിത്വം...22

പല വർണക്കാർ...19

പിന്നിട്ട വഴികളിലൂടെ...50

പ്രകൃതിയാം സൗന്ദര്യം...21

മലയാളമാണെന്റെ മാതൃഭാഷ...38

മലയാളിയുടെ മാറുന്ന ഭക്ഷണശീലങ്ങൾ...25

യാത്രാമൊഴി......52
ലോക വയോജന ദിനം.....27
*വാഴ്ക ദിവ്യചേതസ്സായ്.....72*
ശതാബ്ദി ആന്തം.....74
ശരിക്കുമുള്ള അൻഡ്രോയ്ഡ് കുഞ്ഞപ്പനെ.....16
സംഗീതം.....36

---

**ശതാബ്ദിയുടെ നിറവിൽ നിന്ന് പൊട്ടി മുളച്ച തില്യം എന്ന ഇ-മാഗസിൻ പുറത്തിറക്കുമ്പോൾ നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ നന്ദി പറയട്ടെ. പൂർണ്ണ പിന്തുണ നൽകി, ലിറ്റിൽ കൈറ്റ്സ് കുട്ടികളെ സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളിൽ പ്രോത്സാഹനം നല്കി നയിച്ചുപോരുന്ന പ്രധാനാധ്യാപിക റവ.സി. മാർഗ്രറ്റിന്, വിവിധ തരത്തിൽ സഹായങ്ങൾ നല്കിയ SITC സ്മിതാ ടീച്ചർ, കൈറ്റ് മിസ്ട്രസ്സ് ഗ്ലേയ്സി ടീച്ചർ, ലേഖനങ്ങൾ നല്കിയ അധ്യാപികമാർ, വിദ്യാർത്ഥികൾ, നൂറിന്റെ നിറവിൽ നിന്ന് എഴുതിയ പൂർവ്വ വിദ്യാർത്ഥികൾ പൂർവ്വ അധ്യയാപികമാർ, ഇവർക്ക് ഒരായിരം നന്ദി.**

---

**മാഗസിന്റെ പൂർത്തീകരണത്തിന് മാസങ്ങൾ നീണ്ടു നിന്ന മലയാളം ടൈപ്പിങ്ങിന് നേതൃത്വം നൽകിയ ലിറ്റിൽ കൈറ്റ്സിലേ** 2018-20 Batch, 2019-21 batch **കുട്ടികൾക്കും പ്രത്യേകം നന്ദി.**

---

**പുതുതലമുറക്ക് ആധുനിക ജാലകം തുറന്ന് പാറിപ്പറന്ന് മുന്നേറാൻ ആഹ്വാനം നല്കുന്ന തില്യം എന്ന**

---

ഇ-മാഗസിൻ അതിന്റെ അർത്ഥമായി തികച്ചും യോജിക്കുന്നതു തന്നെ. തില്യം എന്നാൽ വിളയുന്നിടം എന്ന് അർത്ഥം. കുട്ടികളുടെ കലാസൃഷ്ടി വിളഞ്ഞ് നാടിനെങ്ങും നന്മനിറഞ്ഞ ഫലം നല്കുന്നതാകട്ടെ എന്നാശംസിക്കുന്നു...

ആൻസി സോജ

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്

